I ഇ.ബി. XII-കേരള നിയമസഭ /IV-9

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 മാർച്ച് 14, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

S-EN-1-14-3-07

മി.സ്പീക്കർ: അടിയന്തിര പ്രമേയാവതരണത്തിന് അനുമതി തേടിക്കൊണ്ടുള്ള പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന വിഷയം ഒന്നാമത്തെ സബ്മിഷനായി അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ശ്രദ്ധക്ഷണിക്കലിലേയ്ക്ക് കടക്കാം.

ക്രമപ്രശ്നം

അടിയന്തിരപ്രമേയാവതരണാനുമതി നിഷേധിച്ചതു സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): മദ്യനയത്തിൽ ഗവൺമെന്റ് കാതലായ മാറ്റം വരുത്തിയിരിക്കുകയാണ്. സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഇങ്ങനെ ഒരു നയംമാറ്റം വന്നാൽ സഭയിൽത്തന്നെ അതിന് പ്രത്യേക ചർച്ച വേണ്ടതാണ്. അങ്ങനെയൊരു ചർച്ച നടക്കാത്ത സാഹചര്യത്തിലാണ് അടിയന്തിര പ്രമേയമായി അവതരിപ്പിക്കുന്നതിന് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയത്. ഇത്

വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ 12 വർഷംമുമ്പ് നടപ്പിലാക്കിയ ചാരായ നിരോധനം പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് പറയുകയും മദ്യ നയത്തിൽ അത് പിൻവലിക്കുന്നതിന് തുല്യമായിട്ടുള്ള വ്യവസ്ഥകൾ എഴുതിച്ചേർക്കുകയും ചെയ്തിരിക്കുന്നു. സഭ അത് ചർച്ച ചെയ്യേണ്ടതാണ്. ചർച്ച ചെയ്യാൻ അവസരം കിട്ടാത്തതുകൊണ്ടാണ് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുള്ളത്. ഇത് വളരെ ഗൗരവം അർഹിക്കുന്ന ഒരു കാര്യമാണ്. ഇന്ന് നാട്ടിൽ വളരെയധികം ആശങ്കയും ഉൽക്കണ്ഠയും ഇതിനോടകം തന്നെ ഉയർന്നുകഴിഞ്ഞിരിക്കുന്നു. പല സംഘടനകളും സമരത്തിലേയ്ക്ക് വന്നിരിക്കുന്നു. ഇതിന്റെ ദോഷങ്ങൾ ഗവൺമെന്റിനുപോലും ബോദ്ധ്യപ്പെട്ടിട്ടുണ്ടോയെന്ന് സംശയമുണ്ട്. ഇങ്ങനെയൊരു ചർച്ച നടക്കുമ്പോൾ അത് ബോദ്ധ്യപ്പെട്ടിട്ട് മദ്യനയത്തിൽ മാറ്റമുണ്ടാക്കാൻ സാധിക്കുമെങ്കിൽ സംസ്ഥാനത്തിനും ജനങ്ങൾക്കും വലിയൊരു നേട്ടമായിരിക്കും. അതുകൊണ്ട് ദയവായി അടിയന്തിര പ്രമേയമായി ഇത് അവതരിപ്പിക്കാൻ അനുവദിക്കണം. ഗവൺമെന്റിന്റെ അഭിപ്രായം കൂടി അറിയണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: ഇക്കാര്യം തീരുമാനമെടുക്കേണ്ടത് അങ്ങുതന്നെയാണ്. പക്ഷെ ഗവൺമെന്റിന്റെ അഭിപ്രായംകൂടി പറയണമെന്ന് വ്യക്തമാക്കിയ സ്ഥിതിക്ക് ഒരു കാര്യം സൂചിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ചർച്ചയ്ക്കുള്ള അവസരം വേണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. ഇപ്പോൾ നടക്കുന്നത്

സംസ്ഥാനത്തെ ഒരു വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെ ചർച്ചയാണ്. ഈ സർക്കാരിന്റെ നയപരമായ കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുന്ന ഏറ്റവും സുപ്രധാനമായ ദിവസങ്ങളാണിത്. ഇതുപോലെയുള്ള ചർച്ചയക്ക് ആവശ്യംപോലെ ഇനിയും സമയമുണ്ട്. അതുകൊണ്ട് അങ്ങ് ഒരു തീരുമാനം എടുക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): റൂൾ 50 അനുസരിച്ചാണ് അങ്ങേയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളത്. അതുപ്രകാരം അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന് സ്പീക്കറുടെ സമ്മതം ആവശ്യമാണെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. പക്ഷെ ഇതുസംബന്ധിച്ച സ്പീക്കറുടെ തീരുമാനം പറഞ്ഞുകഴിഞ്ഞു. ആ തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ട് ഇങ്ങനെയൊരു നടപടി സ്വീകരിക്കുന്നത് ശരിയല്ല.

## റൂളിംഗ്

അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതു സംബന്ധിച്ച്

മി. സ്പീക്കർ: ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് പ്രസ്തുത വിഷയം ഫസ്റ്റ് സബ്മിഷനായി ഉന്നയിക്കാം.

(ബഡ്ജറ്റിന്റെ ചർച്ച നടക്കുന്നതുകൊണ്ട് വേറെയൊന്നും ചർച്ച ചെയ്യേണ്ടെന്നുള്ള ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും മറ്റ് അംഗങ്ങൾ ഒന്നടങ്കവും സഭവിട്ട് പുറത്തുപോവുകയും അൽപസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) പൊതുമേഖലയിലെ കേന്ദ്രനിക്ഷേപം

ശ്രീ. ടി. പി. കുഞ്ഞുണ്ണി: കേരളത്തിലെ പൊതുമേഖലയിലുള്ള ഈ വർഷത്തെ കേന്ദ്രനിക്ഷേപമായ 16,828 കോടി രൂപ മൊത്തത്തിലുള്ളതിന്റെ 2.59 ശതമാനമാണ്. അത് മൊത്തത്തിൽ 8.79 ശതമാനം വർദ്ധിച്ചപ്പോൾ കേരളത്തിന് വെറും 0.03 ശതമാനം മാത്രമാണുള്ളത്. ഇത് ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം ലിമിറ്റഡ്, ബി.എസ്.എൻ.എൽ. എന്നീ സ്ഥാപനങ്ങളിലുള്ള നിക്ഷേപമാണ്. ഉൽപ്പാദനമേഖലയിൽ സംസ്ഥാനത്ത് കേന്ദ്രഗവൺമെന്റിന്റെ ഒരു പുതിയ നിക്ഷേപവും ഉണ്ടായിട്ടില്ല. 1970-ൽ സംസ്ഥാനത്തെ പൊതുമേഖലയിലെ നിക്ഷേപം കേരളത്തിൽ 3.06 ശതമാനമായിരുന്നുവെങ്കിൽ 1996 ആയപ്പോഴേക്കും അത് 1.38 ശതമാനമായി കുറഞ്ഞു. എന്നാൽ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ശക്തമായ ഇടപെടലിന്റെ ഫലമായി 2001-ൽ 2.40 ശതമാനമായി കേന്ദ്ര നിക്ഷേപം വർദ്ധിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ കേന്ദ്ര നിക്ഷേപത്തിന്റെ കാര്യത്തിൽ കാതലായ ഒരു വളർച്ചയും 2003-നു ശേഷം ഉണ്ടായിട്ടില്ല. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ആന്ധ്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളേക്കാൾ കേരളം വളരെ പിന്നിലാണ്. കേരളത്തിലെ പൊതു മേഖലയിലെ തൊഴിലാളികളുടെ എണ്ണം 2.48 ശതമാനം മാത്രമാണ്. കേന്ദ്രത്തെ പിൻതുണയ്ക്കുന്ന കേരള എം.പി. മാർ ഉണ്ടായിരുന്നിട്ടും

സംസ്ഥാന പൊതു മേഖലയിലെ കേന്ദ്ര നിക്ഷേപം വർദ്ധിച്ച തോതിൽ നേടിയെടുക്കാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സംസ്ഥാന പൊതു മെഖലയിലെ കേന്ദ്ര നിക്ഷേപ വർദ്ധനവ് നേടിയെടുക്കാൻ ആവശ്യമായ നടപടി സ്വികരിക്കണം.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): ദേശീയ ശരാശരിയെ അപേക്ഷിച്ച് കേരളത്തിൽ കേന്ദ്ര നിക്ഷേപം വളരെ കുറവാണ്. കേന്ദ്ര സർക്കാരിൽ നിന്നും ഒരു കാലത്തും കേരളത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടില്ല. 2005 മാർച്ചിലെ കണക്കനുസരിച്ച് 16,828 കോടി രൂപയാണ് കേരളത്തിലെ കേന്ദ്ര മുതൽ മുടക്ക്. ഇത് കേന്ദ്രം രാജ്യത്താകെ മുതൽ മുടക്കിയതിന്റെ 2.59 ശതമാനം മാത്രമാണ്. 2003-2004-ൽ 2.56 ശതമാനം ആയിരുന്നു കേരളത്തിന്റെ വിഹിതം. 2004-2005-ൽ അഖിലേന്ത്യാ തലത്തിൽ കേന്ദ്രം മുതൽ മുടക്കിയതിന്റെ 8.79 ശതമാനം വർദ്ധനവ് ഉണ്ടായിയെങ്കിലും കേരളത്തിന്റെ വർദ്ധനവ് വെറും 0.03 ശതമാനം മാത്രമായിരുന്നു. കേന്ദ്ര നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളത്തിന് 15-ാമത്തെ സ്ഥാനമാണ് ഉള്ളത്. കേന്ദ്ര പൊതു മേഖലാ കമ്പനികളിൽ ജോലി ചെയ്യുന്നവരുടെ മൊത്തം സംഖ്യയിൽ 2.45 ശതമാനം മാത്രമാണ് കേരളത്തിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ പൊതു മേഖലയിലുള്ള കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വളരെയധികം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അവ ഫല പ്രദമാക്കുന്നതിനുവേണ്ടി സംസ്ഥാന വ്യവസായ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രതിനിധി സംഘം 2007 ജനുവരി അവസാനത്തിൽ

കേന്ദ്ര വാണിജ്യ വകുപ്പു മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, ഭക്ഷ്യ സംസ്ക്കരണ വകുപ്പു മന്ത്രി, ഖാദി ഗ്രാമ വ്യവസായ മന്ത്രി പ്രതിരോധ വകുപ്പു മന്ത്രി, ഉയർന്ന ഉദ്യോഗസ്ഥൻമാർ തുടങ്ങിയവരെ കണ്ട് വിശദമായി ചർച്ച സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും നേതൃത്വത്തിൽ പല തവണ കേന്ദ്ര മന്ത്രിമാരേയും ഉദ്യോഗസ്ഥൻമാരേയും കണ്ട് കേരളത്തിന്റെ നിക്ഷേപ സാദ്ധ്യതകളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും വിവിധ മേഖലകളിൽ കേന്ദ്ര നിക്ഷേപം ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(2) പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ ഉപയോഗം തടയണമെന്ന ആവശ്യം

ശ്രീ. വി.ഡി. സതീശൻ: സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാൽ,പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യ ധാന്യങ്ങളിൽ വ്യാപകമായ രീതിയിൽ കീടനാശിനികൾ, കെമിക്കൽസ്, ലോഹാംശങ്ങൾ, ഹോർമോൺസ് തുടങ്ങി വിവിധ വസ്തുക്കൾ മാരകമായ തോതിൽ അടങ്ങിയിരിക്കുന്നു വെന്നുള്ളത് പല പഠന റിപ്പോർട്ടുകളും വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക ഉൽപാദന കേന്ദ്രങ്ങളിലും വിതരണ ശൃംഖലകളിലും റീ–ട്ടെയിൽ ഔട്ട് ലെറ്റുകളിലുമാണ് ഏറ്റവും കൂടുതലായി വിഷാംശങ്ങൾ കലർത്തുന്നത്. ഗ്രൗണ്ട് വാട്ടറിലും കീടനാശിനി കലരുന്നു. പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിന് രാസ വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലം മാരകവും ഗുരുതരവുമായ രോഗങ്ങൾ ഉണ്ടാകുന്നു. സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം കലരുന്നതും വിഷാംശം കലരുന്നതും പരിശോധിക്കാൻ ഫലപ്രദമായ സംവിധാനമില്ലാത്തതുകൊണ്ട്

P.F.A. Act–ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണം. സംഭരണ കേന്ദ്രങ്ങളിലേയും റീ–ട്ടെയിൽ ഔട്ട് ലെറ്റുകളിലേയും പരിശോധന ശക്തിപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കണം. ആരോഗ്യവകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ഫോഴ്സ് ഉണ്ടാക്കി പരിശോധന നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. ഡയറ്റ് സർവ്വേയും വിശദമായ പഠനവും ആരംഭിക്കണം. ജൈവകൃഷിയ്ക്ക് പ്രോൽസാഹനവും സഹായവും നൽകണം. ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു പദ്ധതി രൂപീകരിച്ചുകൊണ്ട്, ജനങ്ങളെ ഗുരുതരമായ രോഗങ്ങളിലേക്ക് തള്ളിവിടുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ ക്രിമിനിൽ കുറ്റത്തിന് നടപടി സ്വികരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഉല്പാദനം കുറവായതുകൊണ്ട് പച്ചക്കറികളും മറ്റും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്.

S-14-3-07-RJ/RH-1/9.50—10.10
DS

ഉൽപ്പാദന–സംഭരണ കേന്ദ്രങ്ങളിലാണ് കീടനാശിനികളുടെ പ്രയോഗം നടക്കുന്നത്. പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൾപ്പെടെ മിക്കവാറും എല്ലാ ഭക്ഷണസാധനങ്ങളും അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്നതുകൊണ്ട് അവിടെ ഉപയോഗിക്കുന്ന കീടനാശിനികളുടേയും രാസവസ്തുക്കളുടേയും പ്രയോഗം നിയന്ത്രിക്കാൻ നിയമപരമായ തടസ്സമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽപി.എഫ്.എ. ആക്ട് കർശനമായി പാലിക്കപ്പെടേണ്ടതാണ്.

മായം ചേർക്കൽ നിരോധനനിയമമനുസരിച്ചുള്ള പരിശോധന നടത്താൻ സംവിധാനമുള്ള 3 റീജിയണൽ ലാബുകൾ കേരളത്തിലുണ്ട്. മിനിമം 6 കോടി രൂപയുടെ എക്യുപ്മെന്റ്സ് വേണമെന്നതിനാൽ എല്ലാ ജില്ലയിലും ഇത്തരത്തിലുള്ള ലാബ് കൊണ്ടുവരുന്നത് എളുപ്പമല്ല. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 3 ലാബുകൾ കൂടാതെ മൊബൈൽ ലാബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. Food Safety and Standard Act നിലവിൽ വരുന്നതോടുകൂടി കുറേക്കൂടി സഹായകരമായ ഒരു സാഹചര്യം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.എഫ്.എ. ആക്ട് കർശനമായി നടപ്പാക്കുക, മായം ചേർക്കലുമായി ബന്ധപ്പെട്ട് ഉയർന്നവരുന്ന കേസുകളിൽ ശക്തമായ നടപടി സ്വീകരിക്കുക എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം ആരോഗ്യവകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ഫോഴ്സ് ഉണ്ടാക്കി എല്ലാ പ്രദേശങ്ങളിലും ഫലപ്രദമായി ഇടപെട്ട് മായം ചേർത്തിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് കേസ് ചാർജ്ജ് ചെയ്യാനും പര്യാപ്തമായ വിധത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനേക്കുറിച്ച് ആലോചിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: യാത്രക്കാരുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ 8-ാം സ്ഥാനത്ത് നിൽക്കുന്നതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ കോഴിക്കോട് വിമാനത്താവളത്തിന്റെ ടെർമിനൽ

പണി പെട്ടെന്ന് പൂർത്തിയാക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 16-2-06-ന് അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ച ഈ വിമാനത്താവളം 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് സജ്ജമാണ്. പ്രതിവർഷം 1000-ൽപരം വിമാന സർവ്വീസുകളും 10 ലക്ഷത്തിലധികം യാത്രക്കാരേയും കൈകാര്യം ചെയ്യാനുള്ള സൗകര്യം ഇവിടെ ഉണ്ട്. വിമാനത്താവള അതോറിറ്റി 100 കോടി രൂപ ചെലവഴിച്ച് നിലവിലുള്ള ടെർമിനൽ കെട്ടിടത്തിന്റെ വികസനവും പുനരുദ്ധാരണവും നവീകരണവും നടത്തുകയും, റൺവേ നീട്ടുന്നതിനും ശക്തിപ്പെടുത്തുന്നതിനും 100 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വിമാനത്താവളത്തിന്റെ കൈവശമുള്ള 378 ഏക്കർ സ്ഥലം പൂർണ്ണമായി വിമാനത്താവള പ്രവർത്തനത്തിന് ഉപയോഗിച്ചു വരികയാണെന്നും കൂടുതൽ വികസന പ്രവർത്തനങ്ങൾക്കായി വിമാനത്താവളത്തോടു ചേർന്നുള്ള 162 ഏക്കർ ഭൂമി കൂടി ആവശ്യമുണ്ടെന്നും വിമാനത്താവളം ഡയറക്ടർ അറിയിച്ചിട്ടുണ്ട്. റൺവേയുടെ തെക്കുഭാഗത്ത് പുതിയ ടെർമിനൽ കെട്ടിടം നിർമ്മിക്കുക, വിമാനം പാർക്കു ചെയ്യുന്നതിനായി ഏപ്രൺ വികസിപ്പിക്കുക, വിമാനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഹാംഗർ സജ്ജമാക്കുക, പുതിയ ടെക്നിക്കൽ ബ്ലോക്ക്, പുതിയ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, റസിഡൻഷ്യൽ കോളനി എന്നിവ നിർമ്മിക്കുക തുടങ്ങിയവയാണ് അതോറിറ്റി ഉദ്ദേശിക്കുന്ന മറ്റ് വികസന പ്രവർത്തനങ്ങൾ. കോഴിക്കോട് വിമാനത്താവള

വികസനത്തിന് 162 ഏക്കർ സ്ഥലം സൗജന്യമായി ഏറ്റെടുത്തു നൽകണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടറുടെ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അത് മലപ്പുറം ജില്ലാ കളക്ടർ, ധനകാര്യവകുപ്പ് എന്നിവരുമായി ആലോചിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. തീരുമാനം കൈക്കൊണ്ടിട്ടില്ല.

(2) നാളികേര കോംപ്ലക്സ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ആറ്റിങ്ങൽ മണ്ഡലത്തിലെ മാമത്ത് പൂട്ടിക്കിടക്കുന്ന കോക്കനട്ട് കോംപ്ലക്സ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ ആ സ്ഥലം മുനിസിപ്പാലിറ്റിക്ക് തിരിച്ചു നൽകുകയോ സർക്കാരിന്റെ വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിന് നൽകുകയോ ചെയ്ത് മറ്റേതെങ്കിലും സ്ഥാപനം തുടങ്ങാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ മുല്ലക്കര രത്നാകരൻ) : ആറ്റിങ്ങൽ നാളികേര കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലം കൃഷിത്തോട്ടമാണ്. അത് പരിവർത്തനം ചെയ്ത് മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നത് നല്ല കീഴ്‌വഴക്കമാകില്ല. അവിടെ നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് അടിയന്തിര ശ്രദ്ധ ചെലുത്തി പ്രവർത്തിച്ചുവരികയാണ്. കേരഫെഡ് ഈ സ്ഥലം ഏറ്റെടുത്ത് ഇത്തരത്തിലുള്ള ഒരു മൂല്യവർദ്ധിത ഉൽപ്പാദന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ഇതിനാവശ്യമായ പദ്ധതികൾ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഭൂമി കേരഫെഡിന് കൈമാറുന്നതിനുള്ള നിയമപരമായ നടപടികൾ പൂർത്തിയാകുന്നതോടെ ഈ പദ്ധതി നിലവിൽവരുന്നതാണ്.

(3) വൈദ്യുതി ഉല്പാദനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2007 മാർച്ച് മാസം 7–ാം തീയതി പീക്ക്ലോഡ് സമയത്ത് 2811 മെഗാ വാട്ടിന്റെ റിക്കോർഡ് ഉൽപ്പാദനം നടന്നു എന്ന നിലയിൽ പത്ര വാർത്ത വന്നിരുന്നു. യഥാർത്ഥത്തിലുള്ളത് 2644 മെഗാ വാട്ട് മാത്രമായിരുന്നു. ഒരു ദിവസം 45 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗമാണ് സംസ്ഥാനത്തുള്ളത്. കേരളത്തിലെ വൈദ്യുതി ക്ഷാമം ഗുരുതരമായ സ്ഥിതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുമ്പോഴാണ് 2006 നവംബർ മാസം 50 ദശലക്ഷം യൂണിറ്റ് അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് വഴി യൂണറ്റിന് 4.35 രൂപയ്ക്ക് വിറ്റു എന്ന പത്രവാർത്ത വന്നത്. അതിന്റെ യാഥാർത്ഥ്യം സഭയെ അറിയിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 7-3-2007–ൽ 2811 മെഗാവാട്ട് പീക്ക്ലോഡ് ഉപഭോഗം ഉണ്ടായെന്നാണ് ലോഡ് ഡെസ്പ്പാച്ചിൽ നിന്നും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ഓഫീസിന് വിവരം കിട്ടിയത്. പിന്നീട് അത് പരിശോധിച്ചപ്പോൾ 2644 മെഗാവാട്ട് ആയിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയുകയും പിശക് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. പീക്ക്ലോഡ് സമയത്തെ പരമാവധി ഉപഭോഗവും പ്രതിദിന ഉപഭോഗവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിച്ചിട്ടുണ്ട്. ഈ കണക്ക് റൂൾ 297 പ്രകാരം സഭയുടെ മേശപ്പുറത്തും വയ്ക്കാം. രണ്ടാമത് ചോദിച്ചതിന് പ്രത്യേക നോട്ടീസ് വേണം.

(4) <u>കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം</u>

<u>ശ്രീ.വി. ചെന്താമരാക്ഷൻ:</u> കൊല്ലങ്കോട് മണ്ഡലത്തിൽ എത്രയും വേഗം ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

VC/SG/10.10-10.30

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :</u> കൊല്ലങ്കോട്ട് ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടു ത്തിയിട്ടുമുണ്ട്. തദ്ദേശഭരണസ്ഥാപനം സ്ഥലവും കെട്ടിടവും ലഭ്യമാക്കി ആവശ്യമായ തസ്തിക സൃഷ്ടിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുകയും ചെയ്യുന്ന മുറയ്ക്ക് സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ച് ഈ കാര്യം തീരുമാനിക്കുന്നതാണ്.

(5) <u>ലൈബ്രറി കൗൺസിൽ നൽകുന്ന ഗ്രാന്റിന്റെ ഉപയോഗം</u>

<u>ശ്രീ. വി.ഡി. സതീശൻ :</u> ലൈബ്രറി ഗ്രാന്റ് ലഭിച്ച് രണ്ടു മാസത്തിനകം ഇഷ്ടമുള്ള ഗ്രന്ഥശാലകളിൽനിന്നും പുസ്തകങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിലനിൽക്കെ ജില്ലാ ഗ്രന്ഥശാലാ കമ്മിറ്റികളും വികസന സമിതികളും പുസ്തകമേളകൾ സംഘടിപ്പിച്ച് അതുവഴി വിൽക്കുന്ന പുസ്തകങ്ങൾ വാങ്ങണമെന്ന് മറ്റ് ഗ്രന്ഥശാലകളെ നിർബന്ധിക്കുകയും വാങ്ങാത്ത ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നിഷേധിക്കുകയും ചെയ്യുന്നു. ഗ്രന്ഥശാലാ ആശയങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന ഇത്തരം ശ്രമം തടയാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ലൈബ്രറികൾക്ക് അവയുടെ ഇഷ്ടാനുസരണം, നിയമം അനുവദിക്കുന്ന വിധത്തിൽ പുസ്തകങ്ങൾ തെരഞ്ഞെടുക്കാനും വാങ്ങാനുമുള്ള അധികാരത്തിൽ ആരും കൈകടത്തിയിട്ടില്ല. ജില്ലാ ലൈബ്രറി കൗൺസിലുകൾക്ക് പുസ്തകമേളകൾ സംഘടിപ്പിക്കുന്നതിനുള്ള ജനാധിപത്യ അവകാശമുണ്ട്. ആ പുസ്തകമേളകളിൽ ഏതെങ്കിലും പ്രസാദകർക്ക് പങ്കെടുക്കാനുള്ള അവസരമോ സ്വാന്ത്ര്യമോ നിഷേധിക്കുന്ന പ്രശ്നമില്ല. ജില്ലാ ലൈബ്രറി കൗൺസിലുകൾ ഇത്തരത്തിലുള്ള പുസ്തകോൽസവങ്ങൾ സംഘടിപ്പിക്കുന്നതിൽനിന്നും പിൻമാറണമെന്ന ആവശ്യം ഉന്നയിച്ച് ചില പുസ്തകപ്രസാദകരുടെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. സ്വകാര്യ പുസ്തക പ്രസാദകരും പുസ്തകോൽസവങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. പുസ്തകോൽസവങ്ങൾ സംഘടിപ്പിക്കുന്ന ജില്ലാ ലൈബ്രറി കൗൺസിലിന്റെ സംര ംഭത്തെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്ന ദേശാഭിമാനിയുടേയോ, പ്രഭാത് ബുക്ക്സിന്റെയോ പുസ്തകങ്ങൾ വിറ്റഴിക്കാൻവേണ്ടി ജില്ലാ ലൈബ്രറി കൗൺസിലിന്റെ പുസ്തകോൽസവങ്ങൾ ദുരുപയോഗപ്പെടുത്തുകയില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല, സമ്മർദ്ദങ്ങളോ നിർബന്ധങ്ങളോ ഉണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

(6) ശ്രീകൃഷ്ണപുരം ശുദ്ധജല പദ്ധതിയുടെ പൂർത്തീകരണം

ശ്രീമതി കെ.എസ്. സലീഖ: നാലു പഞ്ചായത്തുകൾക്കുവേണ്ടി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി 2002-ൽ ആരംഭിച്ച

ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): ശ്രീകൃഷ്ണപുരത്തിനും വെള്ളിനേഴി-കടമ്പഴിപ്പുഴ-പൂക്കോട്ടുകാവ് പഞ്ചായത്തുകൾക്കും വേണ്ടി എൽ.ഐ.സി. സാമ്പത്തികസഹായത്തോടെ നടപ്പാക്കിവരുന്ന ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞു. ഏതാണ്ട് 1,42,161 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ ഘടകങ്ങൾക്കാവശ്യമായ സ്ഥലം ഇതിനകം ലഭ്യമാക്കുകയും തൂതപ്പുഴ പമ്പ്ഹൗസോടുകൂടിയുള്ള കിണറിന്റേയും 4 മേഖലകളിലേയ്ക്കുള്ള ജലസംഭരണിയുടേയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റാ-വാട്ടർ പമ്പിംഗ് മെയിനിന്റെ പുതുക്കിയ നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ശുദ്ധീകരണശാലയുടെ എൻ.ഐ.റ്റി (Notice Inviting Tender) അംഗീകരിച്ച് ടെന്റർ ചെയ്യാനുണ്ട്. പദ്ധതിയുടെ ഇതുവരെയുള്ള ചെലവ് 139.21 ലക്ഷം രൂപയാണ്. ഇത് പൂർത്തീകരിക്കാൻ ഏകദേശം 30 കോടി രൂപ കൂടി വേണ്ടിവരും. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**10.30-10.50/ എസ്.എ/**

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് എല്ലാപേർക്കും അഭിപ്രായം പറയാൻ അവസരം കൊടുത്താൽ സഭ നടത്തിക്കൊണ്ട് പോകാൻ കഴിയുകയില്ല. അതുകൊണ്ട് ശ്രീ. പി.സി. ജോർജ്ജ്

സംസാരിക്കുക, അതുകഴിഞ്ഞ് ശ്രീ. കെ.എം. മണിക്ക് ഒരു വാക്ക് ഇതുസംബന്ധിച്ച് സംസാരിക്കാം. ഇതൊരു കീഴ്‌വഴക്കമാക്കി മാറ്റരുത്.

(7) മീനച്ചൽ നദീതട പദ്ധതി

(ഈ വിഷയം സംബന്ധിച്ച് സർവ്വശ്രീ. കെ. എം. മാണി, വി.എൻ. വാസവൻ, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. പി.സി. ജോർജ്ജ്: മീനച്ചൽ നദീതട പദ്ധതി തലനാട് പഞ്ചായത്തിൽ അടുക്ക എന്ന പ്രദേശത്ത് ഡാം കെട്ടി വെള്ളം തടഞ്ഞുനിർത്തി മീനച്ചലാറിലേയ്ക്ക് ഒഴുക്കാനുള്ള പദ്ധതിയായിരുന്നു വെള്ളം ലഭിക്കുകയില്ലെന്നും ഇത് ജനദ്രോഹമായ പദ്ധതിയാണെന്നും, ജനങ്ങളുടെ പണം നഷ്ടപ്പെടുത്താനാണെന്നും ജനങ്ങൾ ശക്തമായി വാദിക്കുകയും ഈ പദ്ധതിവേണ്ട പകരം തുരങ്ക പദ്ധതി ആരംഭിക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു ഡാം പദ്ധതി ഉപേക്ഷിച്ചിരിക്കുന്നുവെന്നും തുരങ്ക പദ്ധതിയെപ്പറ്റി ആലോചിക്കുമെന്നും 2000-ലെ ഗവണ്മെന്റ് തീരുമാന മെടുത്തു. രണ്ട് ഫെയ്സുള്ള ഈ പദ്ധതിയുടെ രണ്ടാമത്തെ ഫെയ്സ് നടപ്പാക്കുന്നത് അംഗീകരിക്കാൻ സാധിക്കുകയില്ലായെന്നും ഫസ്റ്റ് ഫെയ്സ് മാത്രം നടപ്പാക്കിയാൽ മതിയെന്നു പറഞ്ഞ് കഴിഞ്ഞ ഗവണ്മെന്റ് 5 കോടി രൂപയും കേന്ദ്ര ഗവണ്മെന്റ് 2 കോടി രൂപയും അനുവദിച്ച് സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാവുകയും ചെയ്തു. കോട്ടയം ജില്ലയിലെ 9 നിയോജകമണ്ഡലങ്ങൾക്കും കുട്ടനാട്ടിലെ ഓരുവെള്ളം തടയുന്നതിനുമുള്ള ഈ പദ്ധതി നടപ്പാക്കുകയും സെക്കന്റ് ഫെയ്സ് അനുവദിക്കാതിരിക്കുകയും ചെയ്യണം. ധനകാര്യവകുപ്പുമന്ത്രി ഫസ്റ്റ് ഫെയ്സ് മാത്രം അനുവദിക്കുന്ന തിന് എതിരല്ലെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഈ ബഡ്ജറ്റിൽ ടോക്കൺ

എമൗണ്ട് മാത്രമേ വച്ചിട്ടുള്ളൂ. ഈ പദ്ധതിക്ക് പ്ളാനിംഗ് ബോർഡിന്റെ അംഗീകാരം കിട്ടിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. കോട്ടയം ജില്ലയെ രക്ഷിക്കുന്നതിന് ഈ പദ്ധതി നടപ്പിലാക്കണം.

<u>ശ്രീ. കെ. എം. മാണി</u>: നമുക്കല്ലാപേർക്കും വേണ്ടിയുള്ള പദ്ധതിയാണിത്. ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുക വകകൊള്ളിച്ചിട്ടില്ല. കഴിഞ്ഞ ഗവണ്മെന്റ് ഈ പദ്ധതിക്ക് 65 കോടി രൂപയ്ക്ക് എ. എസ്. കൊടുക്കുകയും പ്ളാനിംഗ് കമ്മീഷന്റെ അംഗീകാരത്തോടുകൂടി ആറര ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് 2 കോടി രൂപ യു.ഡി.എഫ്. ഗവണ്മെന്റ് ഓതറൈസ് ചെയ്ത് റിലീസ് ചെയ്യുകയും, 2006-2007-ലെ ബഡ്ജറ്റിൽ പലകപ്പാണ്ടി പദ്ധതിക്കും മീനച്ചൽ പദ്ധതിക്കും വേണ്ടി 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ട് ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിന് തുകയൊന്നും വകകൊള്ളിക്കാത്തത് ഖേദകരമാണ്. തുക വകയിരുത്താത്തത് തെറ്റായിപ്പോയെന്ന് സബ്ജക്ട് കമ്മിറ്റി പറഞ്ഞെങ്കിലും അത് തിരുത്തുകയോ അതിനാവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കോട്ടയം ജില്ലയുടെ മുഴുവൻ ആവശ്യമായ ഈ പദ്ധതിക്ക് തുക വകയിരുത്തുമെന്ന് ഇന്നുതന്നെ പറയണം. പ്ളാനിംഗ് കമ്മീഷൻ ഓഫ് ഇന്ത്യ ഇതിന് അനുവാദം നൽകിയിട്ട് 2 കോടി രൂപ അഡ്വാൻസ് റിസോഴ്സ് മാറ്റിത്തന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: വസ്തുതാപരമായി ശരിയായ വിഷയമാണ് മീനച്ചൽ നദീതട പദ്ധതി. കഴിഞ്ഞ പ്രാവശ്യം പദ്ധതി വിഹിതമുായിരുന്നില്ല എന്നതാണ് ഇതിൽ വന്നിട്ടുള്ള സാങ്കേതിക തടസ്സം. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ

റിവൈസ്ഡ് ബഡ്ജറ്റിൽ 2 കോടി രൂപ ഇതിനായി റിലീസ് ചെയ്യുകയും അകിസിഷൻ നടപടികൾ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. രണ്ടു ഘട്ടങ്ങളാണ് ഈ പദ്ധതിക്കുള്ളത്. രണ്ടാം ഘട്ടം നടപ്പാക്കുന്നതുസംബന്ധിച്ച് പൊതുവായ സമവായം ആയിട്ടില്ല. കൂടാതെ 35 വർഷംമുമ്പ് ഈ പദ്ധതി എൻവിസേജ് ചെയ്യുമ്പോൾ ഉണ്ടായിരുന്ന കാർഷിക, പാടശേഖരങ്ങളും കരഭൂമിയും ഇപ്പോൾ ലഭ്യമല്ലായെന്നതു കൊണ്ട് രണ്ടാം ഘട്ടത്തെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചിട്ടില്ല. ഫസ്റ്റ് ഫെയ്സ് നടപ്പാക്കുന്നതു സംബന്ധിച്ച് ചില സാങ്കേതിക തടസ്സങ്ങൾ അടുത്ത കാലത്തുണ്ടായി. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ റിസർവോയറായിട്ടുള്ള മൂലമറ്റം റിസർവോയറിൽ മീനച്ചൽ പദ്ധതിക്കാവശ്യമായ വെള്ളമുണ്ടോ എന്നതുസംബന്ധിച്ച് ചില റിപ്പോർട്ടുകൾ വന്നതിന്റെ അടിസ്ഥാനത്തിൽ അതിന്റെ ടെക്നിക്കൽ ഫീസിബിലിറ്റിയെ സംബന്ധിച്ചുള്ള സാങ്കേതികത്വം നിലനിൽക്കുന്നുവെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. പ്ളാനിംഗ് ബോർഡ് ഈ വിഷയം സംബന്ധിച്ച് നിരവധി ചോദ്യങ്ങളുന്നയിച്ച സാഹചര്യത്തിൽ അതിന്റെ ഫീസിബിലിറ്റി പൂർണ്ണമായ തോതിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ഫണ്ട് വകയിരുത്താത്തത്. ഈ പ്രോജക്ടിന് സെൻട്രൽ വാട്ടർ കമ്മീഷന്റെ അപ്രൂവൽ ലഭ്യമായിട്ടില്ല. പ്ളാനിംഗ് ബോർഡിന്റെ സാങ്കേതിക തടസ്സങ്ങൾ നീക്കി ഈ പദ്ധതിയുടെ ഫസ്റ്റ് ഫെയ്സിനുള്ള അനന്തര നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് സന്നദ്ധമാണ്.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> പ്ളാനിംഗ് ബോർഡും ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഇതു സംബന്ധിച്ചുള്ള

എം.എൽ.എ മാരുടെ വികാരങ്ങൾ മനസ്സിലാക്കി നടപടിയെടുക്കുന്നതിന് പരിശ്രമം നടത്താം.

(8) മുനിസിപ്പൽ കോർപ്പറേഷൻ കിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. എം. മുരളി: കേരളത്തിലെ 5 കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ശുചീകരണ തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് കഴിഞ്ഞ ഗവണ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നതാണ്. എന്നാൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ആ റിപ്പോർട്ട് തള്ളിക്കളയുകയും പുതിയ ശമ്പള പരിഷ്ക്കരണ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 1.4.2004 മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്ക്കരണം 1.7.2004 മുതൽ നടപ്പിലാക്കാനാണ് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അവർക്ക് വിവിധ കാറ്റഗറികൾ പുനഃസ്ഥാപിച്ച് 1.4.2004 മുതൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുകയും ഈ പാവപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കുകയും, അവർക്കായി പ്രത്യേക സർവ്വീസ് റൂൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യണം.

SJ/JB/10.50-11.10

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഒരു കമ്മിറ്റിവച്ച് ഇത് പരിശോധിക്കുകയും 2.2.2007-ൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു. അവരുടെ ആവശ്യങ്ങൾ മുഴുവൻ അംഗീകരിച്ച് നടപ്പാക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പിന്റെ അനു

മതി ആവശ്യപ്പെട്ടിരിക്കുകയാണ്. ഒരാഴ്ചക്കകം അനുമതി കൊണ്ട് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അത് കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(9) കൂത്തുപറമ്പിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിൽ കുട്ടികൾക്ക് ഭക്ഷ്യവിഷബാധയേറ്റത് സംബന്ധിച്ച്

ശ്രീ. പി. ജയരാജൻ : ചിറ്റാരിപറമ്പ് പഞ്ചായത്തിൽ മാനന്തേരിയിൽ കഴിഞ്ഞ ദിവസം ഉൽസവ സ്ഥലത്തുനിന്നും ഭക്ഷണം കഴിച്ച 25-ലധികം കുട്ടികളെ ഭക്ഷ്യ വിഷബാധയെത്തുടർന്ന് തലശ്ശേരിയിലെയും കൂത്തുപറമ്പിലെയും ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അവർക്ക് ഫലപ്രദമായ ചികിൽസ ഉറപ്പുവരുത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മാനന്തേരി കാവിലെ ഉൽസവത്തോടനുബന്ധിച്ച് അവിടെ നിന്ന് ഐസ്ക്രീം കഴിച്ച 23 കുട്ടികൾക്ക് വയറിളക്കം, ഛർദ്ദി, പനി തുടങ്ങിയ ലക്ഷണങ്ങൾ കാണുകയും അവരെ കൂത്തുപറമ്പിലും തലശ്ശേരിയിലുമുള്ള വിവിധ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. ആരുടേയും നില ഗുരുതരമല്ല. ചിറ്റാരിപ്പറമ്പ് ആശുപത്രിയിലെ ഫീൽഡ് വിഭാഗം ജീവനക്കാർ സ്ഥലം സന്ദർശിച്ച് ക്ളോറിനേഷനും ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. ജില്ലാതല ടീം ഇന്നുതന്നെ അവിടം സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) അരൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. എ.എം. ആരിഫ്: അരൂർ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് അനുഭവപ്പെടുന്നത്. താലൂക്കിൽനിന്നും ടാങ്കർ ലോറികളിൽ

വെള്ളം ശേഖരിച്ച് ആഴ്ചയിൽ രണ്ടുതവണയാണ് ഇപ്പോൾ അരൂർ മണ്ഡലത്തിൽ എത്തിക്കുന്നത്. അത് അപര്യാപ്തമാണ്. മറ്റ് ജില്ലകളിൽനിന്നും വെള്ളം കൊണ്ടുവന്നാൽ മാത്രമേ ആവശ്യത്തിന് വെള്ളം ലഭിക്കൂ. അതിന് സർക്കാരിൽനിന്നും പ്രത്യേക അനുമതി വേണമെന്നാണ് തഹസിൽദാർ പറയുന്നത്. മറ്റ് ജില്ലകളിൽനിന്നും നാല് വാഹനത്തിലെങ്കിലും വെള്ളം കൊണ്ടുവന്ന് അതീവ ഗുരുതരമായ ഈ പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കണ്ടെത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്ന പ്രദേശമാണ് അരൂർ. ജില്ലകളിൽനിന്നും കിട്ടുന്ന പ്രൊപ്പോസൽ അനുസരിച്ച് വരൾച്ച ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് അടിയന്തിര വർക്കുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോൾ അതുമാറ്റി കുടിവെള്ള പ്രശ്നങ്ങൾക്ക് ജില്ലാ കളക്ടർതന്നെ എ.എസ്. കൊടുത്താൽ മതിയെന്ന് മന്ത്രിസഭയിൽ ചർച്ച ചെയ്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലകളിൽനിന്നും ലോറികളിൽ വെള്ളം ശേഖരിക്കേണ്ടി വന്നാൽ അത്തരം സ്ഥലങ്ങളിലും അതിനുള്ള അനുമതി കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അരൂർ മണ്ഡലത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കാം. ലോറികളിൽ വെള്ളം എത്തിക്കുമ്പോൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത കർശനമായി നിയന്ത്രിച്ചുകൊണ്ട് അത്യാവശ്യ സ്ഥലത്ത് ജലം വിതരണം ചെയ്യാം. കുടിവെള്ളക്ഷാമം രൂക്ഷമാകുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അടുത്ത ആഴ്ച എം.എൽ.എ.മാരും മന്ത്രിമാരും പങ്കെടുക്കുന്ന വിപുലമായ ഒരു യോഗം വച്ചിട്ടുണ്ട്. ആ യോഗത്തിൽ ചില പ്രധാനപ്പെട്ട റിപ്പോർട്ടുകൾകൂടി ചർച്ച ചെയ്യും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,. ഇടുക്കി എന്നീ നാല് ജില്ലകളിൽനിന്നും കുടിവെള്ളത്തിന്റെ

പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ എം.എൽ.എ.മാർ ചെയർമാന്മാരായ കമ്മിറ്റി യോഗം ചേർന്ന് പ്രൊപ്പോസൽ തയ്യാറാക്കി ഈ ആഴ്ചതന്നെ എത്തിച്ചുതരാൻ നിർദ്ദേശിച്ചിട്ടുണ്ട്. 13 കോടി 73 ലക്ഷം രൂപ എട്ടുമാസം കൊണ്ട് കുടിവെള്ളം കൊടുക്കുന്നതിന് റിലീസ് ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയ്ക്ക് മാത്രം ഒരുകോടി ഒരു ലക്ഷത്തിൽചില്വാനം രൂപ റിലീസ് ചെയ്തിട്ടുണ്ട്. അടുത്ത ആഴ്ചത്തെ യോഗത്തിൽ എല്ലാ എം.എൽ.എ.മാരും പങ്കെടുക്കണം. കൂടുതൽ തുക ഗവൺമെന്റ് അനുവദിക്കുന്നതാണ്.

(11) മുവാറ്റുപുഴ മുൻസിപ്പൽ സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണം

ശ്രീ. ബാബുപോൾ: മുവാറ്റുപുഴയിൽ നിലവിലുള്ള മുൻസിപ്പൽ സ്റ്റേഡിയം ആധുനികവൽക്കരിക്കണം. കഴിഞ്ഞ മൂന്നുവർഷമായി സ്കൂൾ കായിക മേളയിൽ എറണാകുളം ചാമ്പ്യൻഷിപ് കരസ്തഥമാക്കുന്നുണ്ട്. ഈ പ്രദേശത്തെ സ്കൂളുകളിലെ കായിക പരിശീലന സൗകര്യം പരിമിതവും അപര്യാപ്തവുമാണ്. ആധുനിക പരിശീലന സൗകര്യങ്ങൾ ഒരുക്കിയാൽ മികച്ച കായിക താരങ്ങളെ പരിശീലിപ്പിച്ചെടുക്കാൻ കഴിയും. സ്റ്റേഡിയം വികസിപ്പിക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ നിലവിലുണ്ട്. മുവാറ്റുപുഴ നഗരസഭയുടെ അധീനതയിൽ ആധുനിക സൗകര്യത്തോടുകൂടിയ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആവശ്യമായ 12 ഏക്കർ സ്ഥലം പട്ടണത്തിന്റെ ഹൃദയഭാഗത്തുണ്ട്. വാഹനങ്ങൾ പാർക്കുചെയ്യാൻ കഴിയുന്ന 6 ഏക്കറിലധികംവരുന്ന സ്ഥലം വേറെയുമുണ്ട്. എന്നാൽ ആവശ്യമായ സാമ്പത്തികം കണ്ടെത്താൻ സാധിക്കാത്തതിനാൽ ഈ സ്റ്റേഡിയം നവീകരിക്കാൻ സാധിച്ചിട്ടില്ല. അന്താരാഷ്ട്ര മൽസരങ്ങൾ നടത്താൻ പര്യാപ്തമായ 10 ലൈൻ ട്രാക്കുകൂടി അവിടെ നിർമ്മിക്കാൻ കഴിയും.

ഇതിനുവേണ്ടി 4 കോടി രൂപയുടെ അധികച്ചെലവുവരും. കൂടാതെ സ്റ്റേഡിയ ത്തോടനുബന്ധിച്ച് ഒരു സ്പോർട്ട്സ് സ്കൂളും ആരംഭിക്കാൻ സാധിച്ചാൽ മദ്ധ്യ കേരളത്തിലെ ഏറ്റവും വലിപ്പമുള്ളതും ആധുനിക സൗകര്യങ്ങളുമു ള്ളതുമായ ഒരു സ്പോർട്ട്സ് കോംപ്ളക്സായി അത് മാറും. ഈ സ്റ്റേഡിയ ത്തിന് ആവശ്യമായ തുക നീക്കിവയ്ക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുജവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : മുവാറ്റുപുഴ മുനിസി പ്പാലിറ്റിയിൽ ലഭ്യമായ 12 ഏക്കർ സ്ഥലത്താണ് ഈ സ്റ്റേഡിയം നിർമ്മിക്കു ന്നത്. സ്റ്റേഡിയത്തിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി അധികൃതർ സമർപ്പിച്ച 44 ലക്ഷം രൂപയുടെ അപേക്ഷ കേന്ദ്ര സർക്കാരിന്റെ യുവജന സ്പോർട്ട്സ് മന്ത്രാലയത്തിന് അയച്ചുകൊടുത്തു. ഈ അപേക്ഷ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ചില നിബന്ധനകൾക്ക് വിധേയമായി ഗ്രാന്റായി 18 ലക്ഷം രൂപയ്ക്ക് കേന്ദ്ര സർക്കാർ അനുമതി നൽകി. എസ്റ്റി മേറ്റ് തുകയുടെ 50 ശതമാനം മുനിസിപ്പാലിറ്റി ആദ്യമായി ചെലവഴിക്കണ മെന്നും കേന്ദ്ര വാഗ്ദാനം ചെയ്ത ഗ്രാന്റ് രണ്ടുവർഷത്തിനകം ക്ളെയിം ചെയ്യണമെന്നുമായിരുന്നു പ്രധാന വ്യവസ്ഥ. മുനിസിപ്പാലിറ്റി ചെലവാക്കിയ 14.52 ലക്ഷം രൂപയുടെ റിപ്പോർട്ട് പരിഗണിച്ച് 31.3.2004-ൽ കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്ത 18 ലക്ഷം രൂപയിൽ 9 ലക്ഷം രൂപയുടെ ഗ്രാന്റ് സംസ്ഥാന സർക്കാരിന് ലഭിക്കുകയും ഈ തുക മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽനിന്ന് കംപ്ളീഷൻ സർട്ടിഫിക്കറ്റും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും നിർമ്മാണ പുരോഗതി

സംബന്ധിച്ച ഫോട്ടോയും ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ബാക്കി 9 ലക്ഷം രൂപ ആവശ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. 2005 മുതൽ കേന്ദ്ര സഹായ പദ്ധതികളെല്ലാം നിർത്തലാക്കി യിരിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിൽ ഈ പദ്ധതിക്ക് പ്രത്യേകം തുക വകയിരുത്തിയിട്ടില്ലെങ്കിലും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സാമ്പത്തിക സഹായം നൽകുന്നതാണ് എന്നുമാത്രമല്ല പ്രസ്തുത സ്റ്റേഡിയം മൾട്ടി പർപ്പസ് സ്റ്റേഡിയമാക്കി വികസിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ സഹായം ഉണ്ടാകുമെന്ന് ഉറപ്പുനൽകുന്നു.

(12) <u>വെറ്റിലപാറ കള്ളുഷാപ്പ് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>: മലപ്പുറം ഏറനാട് താലൂക്കിലെ വെറ്റിലപ്പാറ വില്ലേജിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ടി.എസ്. 27--ാം നമ്പർ കള്ളുഷാപ്പ് അടച്ചുപൂട്ടുകയോ സ്ഥലം മാറ്റുകയോ ചെയ്യണമെന്ന ആവശ്യം ഉന്നയിച്ച് വെറ്റിപ്പാറയിൽ മദ്യവിരുദ്ധ സമിതി മൂന്നുമാസമായി സമരത്തിലാണ്. സമര ത്തിന്റെ ഭാഗമായ റിലേ സത്യാഗ്രഹം 60 ദിവസം പിന്നിട്ടു. ദൂരപരിധി സംബന്ധിച്ച നിയമവും നിബന്ധനയും ലംഘിച്ചുകൊണ്ടാണ് ഷാപ്പ് പ്രവർത്തിക്കുന്നത്. ഈ ഷാപ്പിന്റെ പരിധിയിൽ വെറ്റിലപ്പാറ ഗവൺമെന്റ് യു.പി. സ്കൂൾ, ജുമാമസ്ജിദ്, വില്ലേജ് ഓഫീസ്, പ്രൈമറി ഹെൽത്ത് സെന്റർ, നഴ്സറി സ്കൂൾ, ആദിവാസി ഹരിജൻ കോളനി തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. കൃത്രിമമായി ഉണ്ടാക്കുന്ന പൊടിക്കള്ള് എന്ന വ്യാജ മദ്യമാണ് ജനങ്ങൾക്ക് നൽകുന്നത്. നൂറ് കണക്കിന് ആളുകൾ മാരകരോഗ ത്തിന്റെ പിടിയിലാണ്. മൂന്നുപേർ അടുത്തകാലത്ത് മരിച്ചു. മദ്യലഹരിയിൽ രണ്ടുപേർ കിണറ്റിൽവീണു. കുടുംബകലഹംമൂലം രണ്ട് കുടുംബിനികൾ

ആത്മഹത്യ ചെയ്തു. ഈ ഷാപ്പിനെതിരെ ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങിയിരിക്കുകയാണ്. സമാധാനപരമായി നടത്തുന്ന സമരത്തെ ഷാപ്പുടമ പണസ്വാധീനം ഉപയോഗിച്ച് പരാജയപ്പെടുത്താൻ ശ്രമിക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സ്വൈരജീവിതത്തിനും ഭീഷണിയായ ഈ ഷാപ്പ് അടച്ചുപൂട്ടുകയോ സ്ഥലം മാറ്റുകയോ ഏപ്രിൽമാസം നടക്കുന്ന ലേലത്തിൽനിന്ന് ഷാപ്പിനെ ഒഴിവാക്കുകയോ ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): മലപ്പുറം ജില്ലയിലെ മഞ്ചേരി റെയ്ഞ്ചിൽ 1996-97 മുതൽ ഈ കള്ളുഷാപ്പ് പ്രവർത്തിച്ചുവരികയാണ്. 13.11.2006-ൽ പ്രസ്തുത ഷാപ്പിൽ മായംചേർത്ത കള്ളുവിറ്റു എന്നാരോപിച്ച് ഷാപ്പിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയിരുന്നു. ഇതിനെത്തുടർന്ന് ഷാപ്പിന്റെ ലൈസൻസി ഷാപ്പ് നടത്തുന്നതിന് പാലക്കാടുനിന്നും കള്ളുകൊണ്ടുവരുന്നതിന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതി മുമ്പാകെ ഒരു കേസ് ഫയൽ ചെയ്തു. 5.1.2007-ലെ ഇടക്കാല ഉത്തരവുപ്രകാരം അപേക്ഷ അനുവദിച്ചു. 8.1.2007 -ന് പാലക്കാട്ടുനിന്നും കള്ളുകൊണ്ടുവന്നപ്പോൾ വീണ്ടും തടസ്സപ്പെടുത്തുകയും പോലീസ് ഇടപെട്ട് തടസ്സം ഒഴിവാക്കുകയും ചെയ്തു. 10.1.2007, 11.1.2007 എന്നീ ദിവസങ്ങളിൽ ഈ ഷാപ്പിൽനിന്നും സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്കയച്ചു. 8.2.2006-ലെ വിധിന്യായത്തിൽ ഉപഭോക്താക്കളെയോ ജീവനക്കാരെയോ തടയാൻ പാടില്ലെന്നും ഷാപ്പിന്റെ 50 മീറ്റർ അകലെ മാത്രമേ സത്യാഗ്രഹം നടത്താൻ പാടുള്ളൂവെന്നും ഹൈക്കോടതി ഉത്തരവിട്ടു. നാല് ചെത്ത് തൊഴിലാളികളും 2 മദ്യത്തൊഴിലാളികളും ജോലി

ചെയ്യുന്ന ഈ ഷാപ്പ് ഇപ്പോൾ പോലീസ് സംരക്ഷണത്തിലാണ് പ്രവർത്തിക്കുന്നത്. പൊടിക്കള്ള് വിൽക്കുന്നതടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ടുതരാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

(13) <u>സുലൈഖയുടെ കൊലപാതകം</u>

<u>ശ്രീ. എം.എം. മോനായി</u>: കുന്നത്തുനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ അബ്ദുൾഖാദർ എന്ന ആളിന്റെ ഭാര്യ 50 വയസ്സുള്ള സുലൈഖ കൊല്ലപ്പെട്ടിട്ട് എട്ടുമാസം കഴിഞ്ഞു. കൊപാതകം സംബന്ധിച്ചോ കൊലപാതകത്തിന്റെ ഉദ്ദേശം സംബന്ധിച്ചോ യാതൊരു വിവരവും കണ്ടെത്താനായിട്ടില്ല. ഈ കേസ് ക്രൈംബ്രാഞ്ചിന് വിട്ടിട്ട് ആറുമാസം കഴിഞ്ഞു. ഈ സംഭവത്തിലെ കുറ്റവാളികളെ കണ്ടെത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): സുലൈഖയുടെ മരണം സംബന്ധിച്ച് പോലീസ് ആദ്യഘട്ട അന്വേഷണം നടത്തി. അന്വേഷണം പുരോഗമിക്കാത്ത സാഹചര്യത്തിൽ ക്രൈംബ്രാഞ്ചിനുവിട്ടുവെങ്കിലും വേണ്ടത്ര പുരോഗതി ഉണ്ടായില്ല. ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തുന്നതാണ്.

(14) <u>ഏറ്റുമാനൂരിലെ കെ.എസ്.ആർ.ടി.സി. സബ് സ്റ്റേഷൻ</u>

<u>ശ്രീ. തോമസ് ചാഴികാടൻ</u>: 1983-ൽ കെ.എസ്.ആർ.ടി.സി.ക്ക് സൗജന്യമായി നൽകിയ 2 ഏക്കർ 51 സെന്റ് സ്ഥലത്താണ് ഏറ്റുമാനൂർ സബ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്. ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ ഉൾപ്പെടെ നിരവധി

സർവ്വീസുകൾ ഇതുവഴിയാണ് കടന്നുപോകുന്നത്. ആയിരക്കണക്കിന് യാത്രക്കാർ ഈ സ്റ്റേഷനിൽ വരുന്നുണ്ട്. പഞ്ചായത്ത് സൗജന്യമായി നൽകിയ രണ്ടര ഏക്കർ സ്ഥലം ഉപയോഗിക്കുന്നുവെന്നത് ഒഴിച്ചാൽ മറ്റൊരു വികസന പ്രവർത്തനവും അവിടെ നടന്നിട്ടില്ല. ഒരു മുറിയുള്ള പഴയ കെട്ടിടത്തിലാണ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്. വെയ്റ്റിംങ് ഷെഡ്ഡോ ടോയ്ലറ്റ് സൗകര്യമോയില്ല. രാത്രിയിൽ അവിടെ വെളിച്ചമില്ല. ജീവനക്കാർ ആവശ്യത്തിനില്ല. അവഗണിക്കപ്പെട്ടുകിടക്കുന്ന ഈ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

S.14-3-07-JS-1
11.10-11.30

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്:) ഓപ്പറേറ്റിംഗ് സെന്ററിനുവേണ്ട അടിസ്ഥാനസൗകര്യങ്ങളെല്ലാം തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കി കെ.എസ്.ആർ.ടി.സി.–ക്ക് കൈമാറിയാലും അത് പ്രവർത്തിപ്പിക്കുന്നതിന് പ്രതിമാസം ഏകദേശം 33 ലക്ഷം രൂപ വേണ്ടിവരും.. കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട യൂണിറ്റുകളായ പാലാ, വൈക്കം എന്നീ ഡിപ്പോകളിൽ നിന്നു വരുന്ന ഷെഡ്യൂളുകളും ചങ്ങനാശ്ശേരി, ഈരാറ്റുപേട്ട യൂണിറ്റുകളിൽ നിന്നും വരുന്ന സർവ്വീസുകളുമുള്ളതിനാൽ അവിടത്തെ ജനങ്ങളുടെ യാത്രാക്ളേശം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുന്നുണ്ട്. ഏറ്റുമാനൂരിൽ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. എം.എൽ.എ–യുടെ പ്രാദേശികവികസന ഫണ്ടിൽ നിന്ന് സഹായം എത്തിച്ചു തന്നാൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(15) <u>കടൽ–കായൽ തീരങ്ങൾ കയ്യടക്കുന്നതു സംബന്ധിച്ച്.</u>

<u>ശ്രീ. പി. തിലോത്തമൻ:</u> വേമ്പനാട് കായലിന്റെ തീരപ്രദേശങ്ങളും അവിടത്തെ ചെറിയ ദ്വീപുകളുമെല്ലാം ടൂറിസത്തിന്റെ പേരിൽ റിസോർട്ട് ഉടമകൾ കയ്യേറിയിരിക്കുകയാണ്. ഇത്തരം കയ്യേറ്റങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കടൽത്തീരത്തുള്ള ഭൂമികൾ വില കൊടുത്ത് വാങ്ങി വലിയ ഹോട്ടലുടമകൾ തീരപ്രദേശമാകെ കയ്യടക്കുന്നതിന്റെ ഫലമായി പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യം കരയ്ക്ക് കയറ്റി വയ്ക്കാനോ അവരുടെ പരമ്പരാഗത തൊഴിലുകൾ ചെയ്യാനോ കഴിയാതെ വന്നിരിക്കുന്ന സാഹചര്യമാണുള്ളത്. ഇത്തരത്തിൽ കോടിക്കണക്കിന് രൂപയുടെ റവന്യൂ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യടക്കുന്നത് തടയാൻ കർശനമായി നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കാസർകോട് ജില്ലകളിലെ തീരങ്ങളിൽ വ്യാപകമായ കയ്യേറ്റങ്ങൾ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ 4438 കേസ്സുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 1957-ലെ കേരളാ ഭൂ സംരക്ഷണ നിയമപ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാരിലേയ്ക്ക് സ്ഥലം വീടെടുക്കാനും കുറ്റക്കാർക്കെതിരെ പിഴ ചുമത്താനും നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ജലപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാകുന്നതോടുകൂടി വിദേശത്ത് നിന്നുള്ളവർ ഇവിടെ വന്ന് തീരം കയ്യേറി ടൂറിസ്റ്റ് റിസോർട്ടുകളും മറ്റു കച്ചവടസ്ഥാപനങ്ങളും നടത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. വിദേശ ഫണ്ട് ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടതുണ്ട്. മൽസ്യത്തൊഴിലാളിക

ളുടെ തൊഴിലിന് തടസ്സം സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഗവണ്മെന്റ് ഗൗരവപൂർവ്വം കണക്കിലെടുത്ത് ഇന്നുള്ള നടപടികൾക്ക് പുറമേ ഒരു നിയമമുണ്ടാക്കി കൂടുതൽ കർശനമായി തടയാൻ കഴിയുമോ എന്നതിനെക്കുറിച്ചും സർക്കാർ പരിശോധിക്കുന്നതാണ്.

## മേശപ്പുറത്തു വച്ച കടലാസ്സുകൾ.

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## റിപ്പോർട്ട് സമർപ്പണം.

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

ബഡ്ജറ്റിലെ തുക എക്സിക്യൂട്ടീവ് ഉത്തരവിലൂടെ
വകമാറ്റിയത് സംബന്ധിച്ച്.

ശ്രീ. ജി. കാർത്തികേയൻ: ഗവർണ്ണറുടെ അംഗീകാരത്തോടെ നിയമസഭ പാസ്സാക്കിയ ബഡ്ജറ്റിലെ എമൗണ്ട് 16-8-06-ലെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ധനകാര്യവകുപ്പ് വക മാറ്റിയ ഗൗരവമായ കാര്യമാണ്. മരാമത്ത് പണികളുടെ 2006-2007-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ചില പിശകുകൾ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടെന്നും അത് തിരുത്തുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ചേർത്തിട്ടുള്ള മരാമത്ത് പണികൾക്കുള്ള തുക മാറ്റി വയ്ക്കുന്നു എന്നുമാണ് പറഞ്ഞിരിക്കുന്നത്. . നിയമസഭാ നടപടി ചട്ടങ്ങളെയും ബഡ്ജറ്റ് മാനുവലിനേയും ഭരണഘടന

യേയും മറികടന്നുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ തുക മാറ്റാനുണ്ടായ കാരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കണം.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2006-07-ലെ വാർഷിക പദ്ധതിയിൽ ഗവണ്മെന്റ് പ്രസ്സുകളുടെ കെട്ടിട നിർമ്മാണത്തിനായി ഉൾക്കൊള്ളിച്ചിരുന്ന 90 ലക്ഷം രൂപ 2006-07-ലെ ധനാഭ്യർത്ഥനകളും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും എന്ന സുപ്രധാനവും ഭരണഘടനാ സാധുതയുമുള്ള ബഡ്ജറ്റ് രേഖയിൽ പറയുന്നത്. മരാമത്ത് പണികൾ 74.14 ലക്ഷം രൂപ, എസ്റ്റാബ്ളിഷ്മെന്റിന് പൊതുമരാമത്തിൽ നിന്നുമുള്ള വിഹിതം 14.82 ലക്ഷം രൂപ, പണിയായുധങ്ങൾ യന്ത്രസാമഗ്രികൾ 1.4 ലക്ഷം രൂപ എന്നിങ്ങനെ ആകെ 90 ലക്ഷം രൂപയാണ്. നിയമസഭ പാസ്സാക്കിയ ബഡ്ജറ്റ് പ്രകാരം ഗവണ്മെന്റ് പ്രസ്സുകളുമായി ബന്ധപ്പെട്ട മരാമത്ത് പണികൾക്കായി 2006-07-ൽ ചെലവാക്കാവുന്ന പരമാവധി തുക 74.1 ലക്ഷം രൂപയാണ്. ബാക്കി വരുന്നത് എസ്റ്റാബ്ളിഷ്മെന്റ്, പണിയായുധങ്ങളും യന്ത്രസാമഗ്രികളും എന്നീ ഇനങ്ങളിലെ കണക്കിൽ അഡ്ജസ്റ്റ് ചെയ്യേതാണ്. 2006-07ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം 2- വർക്ക് ബഡ്ജറ്റിൽ വാല്യം 1-ൽ 4058- സ്റ്റേഷനറിയും അച്ചടിയും സംബന്ധിച്ച മൂലധനച്ചെലവ്, 103- ഗവണ്മെന്റ് പ്രസ്സുകൾ 99- കെട്ടിടങ്ങൾ എന്നീ ശീർഷകത്തിന് താഴെ മൊത്തം വിഹിതമായ 90 ലക്ഷം രൂപയും വിവിധ മരാമത്ത് പണികൾക്കായി വീതിച്ചു നൽകിയതായിട്ടാണ് കാണിച്ചിരുന്നത്. നിയമസഭ പാസ്സാക്കിയ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ മരാമത്ത് പണികൾക്ക്

വകയിരുത്തിയ വിഹിതവും അനുബന്ധം 2-ൽ ഉൾക്കൊള്ളിച്ച വിഹിതവും തമ്മിൽ പൊരുത്തപ്പെടാത്ത അവസ്ഥയുണ്ടായി. നിയമസഭ പാസ്സാക്കിയ വിഹിതത്തിൽ കവിഞ്ഞ ചെലവ് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാനായി വർക്ക്സ് ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലുള്ള ചെലവുകൾ ധനാഭ്യർത്ഥനകളി ലെയും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിലെയും വിഹിതത്തിൽ പരിമിത പ്പെടുത്തുന്ന നിർദ്ദേശങ്ങൾ പൊതുമരാമത്തു വകുപ്പ് ചീഫ് എൻജിനീ യർക്കും മറ്റു ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകിക്കൊണ്ട് 16-8-06-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെ ടുവിച്ചില്ലായിരുന്നുവെങ്കിൽ മേൽപ്പറഞ്ഞ ശീർഷകത്തിൽ നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കിയ വിഹിതത്തിൽ കവിഞ്ഞുള്ള ചെലവിന് സാധ്യതയുണ്ടാ കുമായിരുന്നു. ഭരണഘടനാ സാധുതയുള്ളതും നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കിയതുമായ ധനാഭ്യർത്ഥനകളും വിശദമായ ബ്ഡജ്റ്റ് എസ്റ്റിമേറ്റു കളും എന്ന ബഡ്ജറ്റ് രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഹിതത്തിൽ ഏതെങ്കിലും ഭേദഗതി ഈ ഉത്തരവിലൂടെ നടത്തിയിട്ടില്ല. ധനാഭ്യർഥനകളും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും, അനുബന്ധം 2 വർക്ക്സ് ബഡ്ജറ്റ്, ഭരണഘടനാ സാധുതയുള്ള ബഡ്ജറ്റ് രേഖയല്ല. ധനാഭ്യർത്ഥനകളും വിശദ മായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും എന്ന ബഡ്ജറ്റ് രേഖയിൽ ഉൾപ്പെടുത്തിയി ട്ടുള്ള വിഹിതങ്ങളുടെ മേലാണ് നിയമസഭ വോട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ഗ്രാന്റുകളുടെ ചെലവ് നിയമസഭ പാസ്സാക്കുന്ന പരിധിയിൽ കവിയരുതെ ന്നാണ് ഭരണഘടന അനുശാസിക്കുന്നത്. ഈ പരിധിയിൽ കവിഞ്ഞ തുക ചെലവാക്കേണ്ടി വരുമ്പോഴും നിയമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത ഇനങ്ങളിൽ ചെലവ് ചെയ്യേണ്ടി വരുമ്പോഴും മാത്രമേ നിയമസഭയുടെ

അനുമതി തേടേണ്ടതുള്ളൂ. നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കിയ പരിധിക്ക കത്തു നിന്നുകൊണ്ട് ബഡ്ജറ്റ് വിഹിതങ്ങളിൽ ഭേദഗതി വരുത്തുന്നതിന് കേരളാ ബഡ്ജറ്റ് മാനുവലിൽ എട്ടാം അധ്യായത്തിൽ ധനകാര്യ വകുപ്പിനെ അധികാരപ്പെടുത്തിയിടുണ്ട് ഈ അധികാരം വിനിയോഗിച്ചുകൊണ്ടും ഗ്രാന്റു കളിലുള്ള വിഹിതങ്ങൾ പുന:ക്രമീകരിച്ചുകൊണ്ടും ആവശ്യത്തിൽ കവിഞ്ഞുള്ള തുക പിൻവലിച്ചുകൊണ്ടും ധനകാര്യവകുപ്പ് ഉത്തരവുകൾ എല്ലാ വർഷവും പുറപ്പെടുവിക്കാറുണ്ട്. ഇത്തരത്തിലുള്ള ഒരു നടപടി മാത്രമാണ് ഈ വിഷയത്തിലും ചെയ്തിട്ടുള്ളത്. നിയമസഭ വോട്ട് ചെയ്ത രേഖകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഹിതങ്ങളിൽ യാതൊരു മാറ്റങ്ങളും 16-8-06-ലെ ജി.ഒ. പ്രകാരം വരുത്തിയിട്ടില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ എന്തെങ്കിലും ക്രമപ്രശ്നമുള്ളതായി ചെയർ കാണുന്നില്ല.

## ധനകാര്യം

### <u>2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച. (ചർച്ച തുടർച്ച)</u>

<u>ശ്രീ. പി. ജയരാജൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാന ത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി വ്യക്തമായ കർമ്മപരിപാടികളാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ലക്ഷ്യമിട്ടിട്ടുള്ളത്. 1957-ലെ ഗവണ്മെന്റിന്റെ കാലത്ത് സി. അച്യുതമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിനെ പിൻതുടർന്നുകൊണ്ട് കേരളത്തിലെ ഇന്നത്തെ സ്ഥിതിക്ക് പറ്റിയ നില യ്ക്കുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം യു.ഡി.എഫ്. ഗവണ്മെന്റ് അവതരിപ്പിച്ച

ബഡ്ജറ്റുകളിൽ നിന്ന് വ്യത്യസ്തമായി കാർഷിക വ്യാവസായിക മേഖല യുടെ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ഇന്നത്തെ സാമ്പത്തികാവസ്ഥയിൽ, ആഗോളവൽക്കരണത്തിന്റെ സാഹചര്യത്തിൽ, ഒരു ബദൽ നയം നടപ്പിലാക്കുന്ന അവസരത്തിൽ അതിനു പറ്റിയ ഒരു ഉദ്യോഗസ്ഥ വൃന്ദമുണ്ടാക്കാനുള്ള നടപടികളാണ് ബഡ്ജറ്റിൽ സ്വീകരിച്ചി ട്ടുള്ളത്.

S-14-3-07-SH-RS-1/11.30-12.00

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വരുമാനം വർദ്ധി പ്പിച്ചുവെന്നു മാത്രമല്ല വിഭവസമാഹരണം നടത്തി സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. കഴിഞ്ഞ യു.ഡി.എഫ്.സർക്കാ രിന്റെ കാലത്ത് നടന്ന വൻ അഴിമതികളും ക്രമക്കേടുകളുമാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ കുറഞ്ഞ എസ്റ്റിമേറ്റ് തുക കാണിച്ചുകൊണ്ട് പണി ആരംഭിക്കുകയും അതിനുശേഷം എസ്റ്റിമേറ്റ് തുകവർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ പണം ചോർത്തുന്ന സ്ഥിതിവി ശേഷമാണ് ഉണ്ടായിരുന്നത്. ഇത്തരം ക്രമക്കേടുകൾ ഏറ്റവും കൂടുതൽ നടന്നത് മലപ്പുറം ജില്ലയിലാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് കെ.എസ്. ടി.പി. റോഡുകളുടെ ടെണ്ടർ വിളിയ്ക്കുകയോ കരാറുറപ്പിക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരം ആകെ അക്വയർ ചെയ്യേണ്ടതിൽ 30 ശതമാനം ഭൂമി ടെണ്ടർ വിളിക്കുന്നതിന് മുമ്പ് ഏറ്റെടുത്തിരിക്കണം. അല്ലാത്തപക്ഷം വരുന്ന കാലതാമസത്തിന് സംസ്ഥാന സർക്കാർ ആർബിട്രേഷൻ അനുസരിച്ചുള്ള ബാധ്യത നിറവേറ്റണം. ഇതിനെതിരെ

ധനകാര്യ വകുപ്പ് വ്യക്തമായ മുന്നറിയിപ്പ് കൊടുത്തിട്ടും നോംസ് പാലിക്കാതെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് രണ്ടാംഘട്ട പ്രവർത്തികൾക്ക് അംഗീകാരം കൊടുക്കുകയാണ് ചെയ്തത്. ഈ ക്രമക്കേടുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് ഒരു പരിധിവരെ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നാണയപ്പെരുപ്പം നിയന്ത്രിക്കാൻ കഴിയാത്തതിനാൽ രാജ്യത്തുടനീളം വിലക്കയറ്റം ഉണ്ടാവുകയും അതിന്റെ ഫലമായി തെരഞ്ഞെടുപ്പ് വന്നപ്പോൾ പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സിന് പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. വിദേശ പണം വരുന്ന ഉറവിടം കണ്ടെത്തണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 10 ലക്ഷം രൂപയും പ്രസ്സ് അക്കാഡമിക്ക് ഒറ്റത്തവണ ഗ്രാന്റായി 20 ലക്ഷം രൂപയും തിരുവനന്തപുരം പ്രസ്സ് ക്ലബ് നടത്തുന്ന ജേർണലിസം കോഴ്സിന് 10 ലക്ഷം രൂപയും അനുവദിച്ച ഗവൺമെന്റാണിത്.

ശ്രീ. ബി. ബാബുപ്രസാദ്: ബഡ്ജറ്റിനെ എതിർക്കുന്നു. അടിസ്ഥാന വർഗ്ഗത്തെ അവഗണിച്ചുകൊണ്ട് സാമ്രാജ്യത്വത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. പ്രത്യയ ശാസ്ത്രത്തിന്റെ വികസന പദ്ധതികൾ വീതം വച്ചിട്ടുണ്ട്. ചില ജില്ലകളോട്മാത്രം ബഡ്ജറ്റിൽ വിവേചനം കാണിച്ചത് ശരിയല്ല. കാർഷിക മേഖലയെ തകർത്തും പാവപ്പെട്ടവരെ വിസ്മരിച്ചു കൊണ്ടുമുള്ള ബഡ്ജറ്റാണിത്. കാർഷിക-ഗ്രാമീണ-തൊഴിൽ മേഖലകളെ പുനരുദ്ധരിക്കാനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണം. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയെ ഈ സർക്കാർ അട്ടിമറിച്ചു. ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് ആനുകൂല്യം കിട്ടേണ്ട ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാ

ക്കുകയും പുതിയ പദ്ധതി സംബന്ധിച്ച് വിശദീകരിക്കുകയും ചെയ്യണം. ആശ്രയ പദ്ധതിയെക്കുറിച്ച് ഈ ബഡ്ജറ്റിൽ യാതൊന്നും പറയുന്നില്ല. മൂന്ന് രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കൊടുക്കുമെന്ന് പറഞ്ഞവർ കുടുംബശ്രീ വിഹിതംപോലും വെട്ടിച്ചുരുക്കി. യു.ഡി.എഫ്. കൊണ്ടുവന്ന കേരള വികസന പദ്ധതിക്ക് ജനകീയാസൂത്രണ പദ്ധതി എന്ന ഒരു പുതിയ പേര് കൊടുത്തിരിക്കുകയാണ്. 2011-ഓടുകൂടി കേരളത്തിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന് പറഞ്ഞത് യാഥാർത്ഥ്യമാക്കാൻ ഈ ഗവൺമെന്റിന് കഴിയില്ല. ഇപ്പോൾ 55,000 കോടി രൂപയുടെ പൊതുക്കടമാണുള്ളത്. പ്രത്യുൽപ്പാദനപരമായ നിർദ്ദേശങ്ങളോ, വികസന അജണ്ടയോ, തൊഴിൽദാന പദ്ധതികളോ ഈ ബഡ്ജറ്റിലില്ല; മറിച്ച്, യാഥാർത്ഥ്യത്തിന് നിരക്കാത്ത പദ്ധതികളാണുള്ളത്. എൽ. ഡി. എഫ്. പ്രഖ്യാപിച്ച നയങ്ങൾക്കെതിരായ ഒരു വായ്പയും സ്വീകരിക്കില്ലെന്ന് ധനമന്ത്രി പറയുകയും അതിന് വിരുദ്ധമായി ഇപ്പോൾ എ.ഡി.ബി. വായ്പ സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. എൻ. അനിരുദ്ധൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാംസ്ക്കാരിക നായകന്മാർക്ക് സ്മാരകം നിർമ്മിക്കുന്നതിന് തുക വകകൊള്ളിച്ചിട്ടുള്ളതിൽ ശ്രീ. ദേവരാജൻ മാസ്റ്റർക്ക് പരവൂരിൽ സമുചിതമായ സ്മാരകം നിർമ്മിക്കാൻ 10 ലക്ഷം രൂപ അഡീഷണലായി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. ബഡ്ജറ്റ് കേവലം ഒരു ആയവ്യയ കണക്കല്ല. ഒരു രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ ഭാഗധേയം നിർണ്ണയിക്കുന്ന പ്രമാണമാണ്. സമ്പത്ത് സ്വരൂപണത്തിന്റെയും ന്യായമായ വിതരണത്തിന്റെയും സാമൂഹ്യ തത്വശാസ്ത്രമാണ്. കേരളം നേരിടുന്ന സങ്കീർണ്ണമായ

പ്രശ്നങ്ങൾക്ക് സാദ്ധ്യമായ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. വസ്തുനിഷ്ട ഭൗതിക സാഹചര്യങ്ങൾക്ക് അനുസൃതമായിട്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഉൽപ്പാദന വർദ്ധനവ്, ജി.ഡി.പി.യുടെ വർദ്ധനവ്, സമ്പദ്ഘടനയുടെ വർദ്ധനവ്, വിദേശനാണയ വിനിമയത്തിന്റെ മിച്ചം എന്നിവ കണക്കാക്കുമ്പോൾ ഇൻഡ്യ ഭദ്രമായ ഒരു രാജ്യമാണെന്ന് ധരിപ്പിക്കത്തക്ക രീതിയിലാണ് പ്രതിപക്ഷ നേതാക്കൾ സംസാരിക്കുന്നത്. ഗ്ലോബൽ ഹ്യൂമൻ ഡെവലപ്മെന്റ് കോർപ്പറേഷൻ 177 രാജ്യങ്ങളിൽ നടത്തിയ ആരോഗ്യ സർവ്വേ റിപ്പാർട്ടനുസരിച്ച് ഇൻഡ്യ ശൈശവമരണ നിരക്കിൽ 126-ാമത് സ്ഥാനത്തും മാൽന്യൂട്രീഷ്ൻകൊണ്ട് മരിക്കുന്ന കുട്ടികളുടെ എണ്ണം ആറ് ശതമാനത്തിർക്കൂടുതലും 50 ശതമാനം അണ്ടർ ന്യൂട്രീഷ്ഡും 50 ശതമാനം അനീമിക്കുമാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. പൗരജീവിതത്തെ പ്രതിഫലിപ്പിക്കാത്ത വികസനം ശരിയായ വികസനമല്ല. കർഷകർക്ക് വായ്പ മാത്രമല്ല ആവശ്യം. കർഷകർ ആത്മഹത്യ ചെയ്തപ്പോൾ നോക്കിനൽക്കേണ്ടിവന്ന ക്രൂരതയ്ക്ക് പരിഹാരമെന്ന നിലയിലാണ് 225 കോടി രൂപ കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ളത്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുകയും മാർക്കറ്റ് ഉണ്ടാക്കിയെടുക്കാൻ ഉൽപ്പന്നങ്ങളിലെ വൈവിദ്ധ്യത്തിന് സഹായകരമായ നടപടികൾ സ്വീകരിക്കണം.

LR(1)/12.00-12.30

പരമ്പരാഗത വ്യവസായങ്ങളെ അവഗണിക്കുന്ന നടപടിയായിരുന്നു യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചുപോന്നിരുന്നത്. കശുവണ്ടി മേഖലയ്ക്ക്

കൂടുതൽ തുക അനുവദിക്കണം.. കൃഷി–പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ വികസനത്തിനുവേണ്ട സാമ്പത്തിക സ്വരൂപണം കണ്ടെത്തണം. വനസമ്പത്ത് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുകയും പാരിസ്ഥിതിക സന്തുലനം ഉറപ്പാക്കുകയും ചെയ്യണം. സാധാരണക്കാർക്ക് യാത്രാസൗകര്യം ലഭ്യമാക്കത്തക്കവിധം കെ.എസ്.ആർ.ടി.സി. ഒരു പബ്ളിക്ക് യൂട്ടിലിറ്റി സർവ്വീസായി നിലനിർത്തണം. അടഞ്ഞുകിടന്നിരുന്ന പൊതുമേഖലാസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ നടപടികൾ സ്വാഗതാർഹമാണ്. അലിന്റ് തുടങ്ങിയ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം. സാധാരണക്കാർക്ക് ചികിൽസാ സൗകര്യം ലഭ്യമാക്കിക്കൊണ്ടുള്ള നടപടികളിലൂടെ ആൾ ഇൻഡ്യാ സ്ഥിതി വിവരക്കണക്കനുസരിച്ച് ഇൻഡ്യയിൽ മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റാനും ആരോഗ്യരംഗത്ത് വളരെയധികം മുന്നോട്ടുപോകാനും ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് ശ്ളാഘനീയമാണ്. വിദ്യാഭ്യാസമേഖലയിലും പൊതുവിതരണരംഗത്തുമുണ്ടായിരുന്ന അഴിമതി അവസാനിപ്പിച്ച് അവയുടെ പ്രയോജനം സാധാരണക്കാർക്ക് എത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇൻഫ്ളേഷൻ റേറ്റ് അതേപ്പടി നിലനിർത്താനുള്ള ശ്രമങ്ങളിലൂടെ റീട്ടെയിൽ രംഗത്ത് വൻകിട വ്യവസായികളെ പ്രോൽസാഹിപ്പിക്കുന്ന കേന്ദ്രനയത്തെ അംഗീകരിക്കാൻ കഴിയില്ല. വിലക്കയറ്റം തടയാനുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുകയാണ്. .

<u>ശ്രീ. എം. ഉമ്മർ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ യാതൊരുവിധ നിർദ്ദേശങ്ങളുമില്ലാത്ത, കേരളത്തെ പുറകോട്ടു നയിക്കുന്ന, അർത്ഥശൂന്യങ്ങളായ പ്രഖ്യാപനങ്ങളടങ്ങിയ ഒരു

ബഡ്ജറ്റാണിത്. കാർഷിക മേഖലയ്ക്ക് പ്രഖ്യാപിച്ച 1000 കോടി രൂപയൊഴിച്ച് കേന്ദ്രസഹായ പദ്ധതികളാണ് ഇതിലുള്ളത്. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വികരിക്കണം. ഈ ബഡ്ജറ്റിൽ പ്രവാസിമലയാളികളെ തീർത്തും അവഗണിച്ചിരിക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തും മറ്റ് മേഖലകളിലും മുസ്ളീം ന്യൂനപക്ഷ സമുദായങ്ങളോടുള്ള ഈ സർക്കാരിന്റെ നിലപാട് മാറ്റണം. അബ്ദുൾ നാസർ മ്അദനിക്ക് പരോൾ നൽകാൻ നടപടി സ്വീകരിക്കണം. നരേന്ദ്രൻ കമ്മീഷൻ സംബന്ധിച്ച സുപ്രീം കോടതി വിധിയിൻമേലുള്ള ആശങ്കയ്ക്ക് പരിഹാരം കാണണം. ആയുർവേദ ആശുപത്രികളും പി.എച്.സി.കളുമില്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കോട്ടക്കുന്ന് ടൂറിസ്റ്റ് കേന്ദ്രത്തിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. കെ.പി.മോഹനൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. റവന്യൂ കമ്മി കുറച്ച്, സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ ദീർഘവീക്ഷത്തോടെയുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ബഡ്ജറ്റാണ് ഇത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് കൂടുതൽ ഫണ്ട് നൽകിയതിനെ സ്വാഗതം ചെയ്യുന്നു. നികുതിപിരിവിലൂടെയുള്ള വരുമാനം സാധാരണക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ തീരുമാനിച്ചത് പ്രശംസനീയമായ ഒന്നാണ്. കൃഷി, ഖാദി എന്നീ മേഖലകളുടെ വികസനം ബഡ്ജറ്റിലൂടെ ലക്ഷ്യമാക്കിയിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങളിൽ കൈ കൊണ്ടുണ്ടാക്കുന്ന സോപ്പുകളുടെ നികുതി ഇളവിന്റെ സീലിംഗ് 3 കോടി രൂപയാക്കി ഉയർത്തണം. സർക്കാർ

മൽസ്യ–കശുവണ്ടി–കരകൗശല മേഖലകളുടെ വികസനങ്ങൾക്ക് പ്രാമുഖ്യം നൽകിയതിനെയും ജീവനക്കാർക്ക് ക്ഷാമബത്ത നൽകാനുള്ള തീരുമാന ത്തെയും സ്വാഗതം ചെയ്യുന്നു. അലോപ്പതിക്കും ആയുർവേദത്തിനും നൽകി യിട്ടുള്ളതുപോലെ ഹോമിയോപ്പതിക്കും ആവശ്യത്തിനുള്ള തുക അനുവദിക്കണം. ആരോഗ്യരംഗം ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങളോ ടൊപ്പം എല്ലാ ജില്ലകളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കാനുള്ള പദ്ധതി പ്രശംസനീയമാണ്. ഹൈസ്ക്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി ഏർപ്പെടുത്തിയത് നല്ല കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റ് കേന്ദ്ര വിഹിതം വകമാറ്റി ചെലവഴിച്ചതു വഴി സാധാരണ ക്കാർക്ക് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ ലാപ്സാക്കിയെന്ന സത്യം നിഷേധിക്കാനാവില്ല. ഈ ഗവൺമെന്റിൻെറ സഹകരണ രംഗത്തെ പ്രവർത്തനങ്ങൾ ശ്ളാഘനീയമാണ്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റിന് കൂടുതൽ തുക അനുവദിക്കണം. .

<u>ശ്രീ. പി.ജെ. ജോസഫ്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ബഡ്ജ റ്റിൽ ഐ.റ്റി., ആരോഗ്യം, ടൂറിസം, ഇൻഫ്രാസ്ട്രക്ചർ തുടങ്ങി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പൊതുസമീപനം സ്വീകരിച്ചത് സ്വാഗതാർഹമാണ്. സ്റ്റേറ്റ് ഹൈവേയ്ക്കും മേജർ ഡിസ്ട്രിക്റ്റ് റോഡുകൾക്കും റോഡ്സ് ആന്റ് ബ്രിഡ്ജസിനും പ്ളാൻ ഫണ്ട് കഴിഞ്ഞ വർഷത്തെക്കാൾ കുറവ് വരുത്താനുള്ള കാരണമെന്താണെന്ന് പുനഃപരിശോധിക്കണം. നിലവിലുള്ള പി.ഡബ്ളിയു.ഡി. റോഡുകൾ ആറുവരിപ്പാതയാക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കണം. പ്ളാൻ ഫണ്ടിലെ കുറവ് നികത്തണം. .

RJ/RH-2- 12.30—1.00
SR

ഏത് വകുപ്പിലും ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ നടക്കണമെങ്കിൽ ജനങ്ങളെ മനസ്സിലാക്കണം. ബാങ്കിംഗ് സിസ്റ്റത്തിന്റെ കാര്യത്തിൽ കേരളം ഏറ്റവും പിന്നിലാണ്. പാവപ്പെട്ട കൃഷിക്കാരന് കുറഞ്ഞ പലിശയ്ക്ക് പണം കൊടുക്കണം. അതിന് ഗ്രാമീണ ബാങ്കിന്റെ മോഡലിൽ പരിപാടികൾ ആവിഷ്ക്കരിക്കണം.

ശ്രീ. പി.സി. ജോർജ്ജ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ത്രിതല പഞ്ചായത്തുകൾക്ക് 1600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വകുപ്പുമന്ത്രിമാർക്ക് വച്ചിരിക്കുന്ന ഫണ്ട് കൂട്ടുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. സാധാരണക്കാരായ ജനങ്ങൾക്ക് ഗുണം ചെയ്യുന്ന രീതിയിൽ ഫണ്ട് അനുവദിക്കണം. സഹകരണ മേഖലയിൽ വിലനിലവാരം കുറയ്ക്കാൻ വേണ്ടി ഗവൺമെന്റ് എടുത്ത നടപടികൾ സ്വാഗതാർഹമാണ്. വരുമാനം വർദ്ധിപ്പിക്കുന്ന സഹകരണ മേഖലയ്ക്ക് കൂടുതൽ ഫണ്ട് അലോട്ട് ചെയ്യണം. കോഴിയിറച്ചിക്ക് ഏർപ്പെടുത്തിയ നികുതി കുറയ്ക്കണം. മരുന്നുകൾക്ക് ടാക്സ് വച്ചാൽ മരുന്നിന്റെ വില വർദ്ധനവിന് അത് വഴിതെളിക്കും. കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാൻ വർദ്ധിപ്പിച്ച ചാർജ്ജ് ഉടൻതന്നെ കുറയ്ക്കണം. മീനച്ചിലാറിലെ പദ്ധതിക്ക് 2 ഫേസ് ഉള്ളതിൽ ഫസ്റ്റ് ഫേസ് മാത്രം നടപ്പാക്കണം. കോൺട്രാക്ടർമാർക്കും ഉദ്യോഗസ്ഥന്മാർക്കും കൊള്ളയടിക്കാനായുള്ള സെക്കൻഡ് ഫേസ് ആവശ്യമില്ല. പി.ഡബ്ല്യു.ഡി.യിലേയും ഹൗസിംഗ്

ബോർഡിലേയും 1991 മുതൽ ഇന്നുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കാൻ മന്ത്രി തയ്യാറാകണം.

ശ്രീ. സാജു പോൾ: ബഡ്ജറ്റിനെ പിന്താങ്ങുന്നു. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ള ഒരു കാര്യവും നടപ്പാക്കാൻ കഴിയുകയില്ലെന്നും ഈ സഭയിൽ ഏതു നിയമം കൊണ്ടുവന്നാലും അതെല്ലാം ഭരണഘടനാ വിരുദ്ധമാണെന്നുമാണ് പ്രതിപക്ഷം പറയുന്നത്. കാർഷിക വികസനം, ഉൽപ്പാദന വർദ്ധനവ്, തൊഴിലാളിക്ഷേമം, പെൻഷൻ പദ്ധതികൾ കാര്യക്ഷമമാക്കലും കുടിശ്ശിക നൽകലും, വ്യവസായ മുന്നേറ്റം എന്നിവയ്ക്ക് ഊന്നൽ കൊടുത്തിട്ടുള്ള ബഡ്ജറ്റാണ് ഇത്. കഴിഞ്ഞ 10 മാസത്തെ പ്രവർത്തനഫലമായി ട്രാവൻകൂർ റയോൺസ് അടക്കമുള്ള സ്ഥാപനങ്ങളിൽ പുനരുദ്ധാരണം യാഥാർത്ഥ്യമാവാൻ പോവുകയാണ്. ക്രമസമാധാന പരിപാലനം, വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു കാണിച്ച മാതൃകാപരമായ പ്രവർത്തനങ്ങൾ ഇതെല്ലാം അഭിനന്ദനാർഹമാണ്. പ്രതിഭാ കൗൺസിൽ രൂപീകരിച്ചതും ഉന്നത പരീക്ഷകളിൽ വിജയം നേടുന്ന ഏറ്റവും പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയതും പി.ഭാസ്കരനും, വൈക്കം മുഹമ്മദ് ബഷീറിനും സ്മാരകം നിർമ്മിക്കാൻ തീരുമാനിച്ചതും ഗുലാത്തി സ്മാരക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചതും, കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ, കൊച്ചി നഗരത്തിന്റെ വികസനം എന്നീ പദ്ധതികളും സ്വാഗതാർഹമാണ്. കേരള ജനതയ്ക്കുള്ള ഗോൾഡൻ ഗിഫ്റ്റാണ് ഈ ബഡ്ജറ്റ്. ഫലപ്രദമായ നടപടികളിലൂടെ എം.ജി.പി.യെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിനുള്ള നടപടികളോടൊപ്പം ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സ്ഥാപിച്ചുകൊണ്ട് നികുതി

ചോർച്ച തടയുന്നതിനെക്കുറിച്ച് ആലോചിച്ചക്കണം. സ്റ്റേറ്റ് സിവിൽ സർവ്വീസ് കൊണ്ടുവരാൻ കഴിയണം. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മാതൃകയിൽ സംസ്ഥാന ട്രൈബ്യൂണൽ രൂപീകരിക്കണം. കെ.എസ്.ആർ.ടിസി., കെ.എസ്.ഇ.ബി. കെ.ഡബ്ല്യിയു.എ. എന്നിവയുടെ ബഡ്ജറ്റ് സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കണം. സെക്രട്ടേറിയറ്റിലെ അധികമുള്ള ഉദ്യോഗസ്ഥൻമാരെ താഴെത്തലങ്ങളിലേയ്ക്ക് മാറ്റാൻ കഴിയണം. ഗ്രാമീണ റോഡിന്റെയും പാലങ്ങളുടേയും പണികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ തുക വകയിരുത്തണം. സെറിഫെഡിനെ ബോർഡോ കോർപ്പറേഷനോ ആക്കി മാറ്റണം. ബാംബൂ കോർപ്പറേഷന് 50 ലക്ഷം രൂപ വച്ചിട്ടുള്ളത് 2 കോടി രൂപയാക്കി വർദ്ധിപ്പിക്കണം. ലക്ഷംവീടുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. രാഷ്ട്രപതിയുടെ പത്തിന പരിപാടിയിൽ പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളുണ്ടാകണം. റൈസ് മില്ലുകൾ അടയ്ക്കേണ്ടാത്ത പർച്ചേസ് ടാക്സ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഖാദി യൂണിറ്റുകൾക്കുള്ള നികുതി 12.5 ശതമാനത്തിൽ നിന്ന് 4 ശതമാനമാക്കുവാൻ കഴിയണം. ഊർജ്ജ ഉത്പ്പാദനം വർദ്ധിപ്പിക്കാൻ കെ.എസ്.ഇ.ബി.യ്ക്ക് തുക മാറ്റിവയ്ക്കണം. പെരുമ്പാവൂർ മണ്ഡലത്തിലെ കോടനാടും മലയാറ്റൂരും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പണിയണം. മൃഗശാല കോടനാട്ടുനിന്നും മാറ്റി സ്ഥാപിക്കണം. പ്ലാൻ പി.ഡി. അക്കൗണ്ടുകൾ മരവിപ്പിച്ചപ്പോൾ നഷ്ടപ്പെട്ട തുക നൽകാൻ കഴിയണം. ഫ്ളഡ് വർക്കുകൾക്ക് എറണാകുളം ജില്ലയ്ക്ക് കുടിശ്ശിക

കൊടുക്കാനുള്ള 6 കോടി രൂപ കൊടുത്ത് തീർക്കണം. റിവർ മാനേജുമെന്റ് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. കേരള ഡവലപ്മെന്റ് ഫണ്ട് ഉണ്ടാക്കാൻ കഴിയണം. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബിൽ പ്രാവർത്തികമാക്കുന്നതിനും നിക്ഷേപകർക്ക് സംരക്ഷണം കൊടുത്തു കൊണ്ട് കേരളത്തിന്റെ വികസനം മുന്നോട്ടു കൊണ്ടുപോകുന്നതിനും കഴിയണം. ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്നവരേയും അവശകലാകാരൻമാരെയും പരിഗണിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: ബഡ്ജറ്റിനെ പിൻതുണയ്ക്കുന്നു. വളരെവലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്കൊപ്പം ഐ.ടി., ടൂറിസം, പൊതുമേഖല–ഇടത്തരം വ്യവസായങ്ങൾക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഹൈസ്കൂൾ മേഖലയിലേയ്ക്ക് കൂടി ആവശ്യമുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണ പരിപാടി, 5000 ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾക്ക് 10,000 രൂപ പ്രതിവർഷം സ്കോളർഷിപ്പ്, ഡിജിറ്റൽ ഡിവൈഡിന്റെയും, ഇംഗ്ലീഷ് ഡിവൈഡിന്റെയും പരിമിതികൾ മുറിച്ചുകടക്കുന്നതിനുള്ള പദ്ധതി ഇതെല്ലാം വരുന്ന തലമുറയോടുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധത തെളിയിക്കുന്നു. പി.ഡബ്ലിയു.ഡി.യിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന അഴിമതികൾ ഇല്ലാതാക്കാൻ സഹായിക്കും. വർഷാരംഭത്തിൽത്തന്നെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രഖ്യാപിച്ചാൽ ടെൻഡർ എക്സസ് ഉണ്ടാകില്ല. ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയുടെ 150 ശതമാനമായാൽ എ.എസ്. കിട്ടില്ല എന്ന നിബന്ധനയും. റോഡ് മെയിന്റനൻസ് ദീർഘകാല

കോൺട്രാക്ടടിസ്ഥാനത്തിലാക്കുന്നതുംമൂലം ധാരാളം സംഖ്യ ലാഭിക്കാൻ കഴിയും. കെ.എഫ്.സി.യെ ഇൻവെസ്റ്റ്മെന്റ് ഫ്രെണ്ട്ലി ആക്കാനുള്ള തീരുമാനം പ്രശംസനീയമാണ്. വ്യവസായികൾ ബഡ്ജറ്റിനെ ആശ്വാസത്തോടുകൂടിയാണ് നോക്കിക്കാണുന്നത്. കെ.എസ്.ആർ.ടി.സി. യെ തകർച്ചയിൽനിന്ന് കരകയറ്റുന്നതിന് ഇതിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തണം. വിദേശ മലയാളികളുടെ സഹായത്തോടെ രൂപീകരിക്കാനുദ്ദേശിക്കുന്ന ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഈ മേഖലയിലേയ്ക്ക് കൂടി വ്യാപിപ്പിച്ചാൽ പെൻഷൻ കൊടുക്കാനുള്ള സംഖ്യ ഇതിൽ നിന്നും കിട്ടും.

VC/SJ/1.00-1.30

സംസ്ഥാനത്തെ ഐ.റ്റി.ഐ.കൾക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കണം. ഒരു കോളേജ് പോലുമില്ലാത്ത മങ്കട നിയോജകമണ്ഡലത്തിൽ ഒരു ഐ.റ്റിഐ. ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേന്ദ്ര ബഡ്ജറ്റിൽ പ്രവാസികളെ അവഗണിച്ചിരിക്കുകയാണ്. അവർക്കുവേണ്ടി ഒരു പൈസയും ബഡ്ജറ്റിൽ നീക്കി വച്ചിട്ടില്ല. അവരെ സംസ്ഥാന ബഡ്ജറ്റും വേണ്ടവിധത്തിൽ പരിഗണിച്ചില്ല എന്ന പരാതിയുണ്ട്. നോർക്കാ റൂട്ട്സിനുവേണ്ടിയുള്ള ഫണ്ട് സപ്ളിമെന്ററി ബഡ്ജറ്റിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും ജോലിചെയ്യുന്ന പ്രവാസികളെ പവർ ഓഫ് അറ്റോർണി ടാക്സിൽനിന്നും ഒഴിവാക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിലെ ദരിദ്രജനവിഭാഗങ്ങളേയും തൊഴിൽരഹിത യുവജനങ്ങളേയും എൽ.ഡി.എഫ്. ഗവണ്മെന്റ് ഈ ബഡ്ജറ്റിലൂടെ മറന്നിരിക്കുകയാണ്. കാർഷിക-വിദ്യാഭ്യാസ-ആരോഗ്യ രംഗത്ത് പുതുതായിട്ടുള്ള ഒരു സംരംഭവും സംസ്ഥാന ഗവണ്മെന്റിന്റേതായിട്ട് ബഡ്ജറ്റിൽ ഇല്ല. കാർഷികമേഖല ഇപ്പോൾ വലിയ പ്രതിസന്ധിയിലാണ്. കർഷകരെ സംരക്ഷിക്കുന്നതിനോ, നിലനിർത്തുന്നതിനോ വേണ്ടിയുള്ള ഒരു കർമ്മ പദ്ധതിയും ബഡ്ജറ്റിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കർഷക ആത്മഹത്യകൾ ഇന്ന് കൂടിക്കൊണ്ടിരിക്കുകയാണ്. നാണ്യവിളകളുടെ വിലയിടിവുകാരണം കർഷകന് മാർക്കറ്റിൽ ഇടപെടാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ്. അൺഎയ്ഡഡ്, പ്ലസ് ടു സ്കൂളുകളിലെ എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റും മാസംതോറുമുള്ള സ്റ്റൈപന്റും പിടിച്ചുവച്ചിരിക്കുന്നത് കൊടുക്കാനുള്ള നടപടിയുണ്ടാകണം. 40 ലക്ഷത്തോളം ജനങ്ങളുടെ ജീവൻ അപകടത്തിലാകുന്ന കാലപ്പഴക്കംചെന്ന മുല്ലപ്പെരിയാർ ഡാം പുതുക്കിപ്പണിയുന്നതിനായി പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കുന്നതിനോ, പഠനം നടത്തുന്നതിനോ ബഡ്ജറ്റിൽ തുക മാറ്റിവച്ചിട്ടില്ല. യു.ഡി.എഫിന്റെ കാലത്ത് അവതരിപ്പിച്ച ബഡ്ജറ്റുകൾ കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം ലഭിക്കുന്ന തരത്തിലുള്ളതായിരുന്നു. കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികൾ നവീകരിക്കുന്നതിനുള്ള സാധ്യതാപഠനത്തിനാവശ്യമായ തുകമാറ്റിവയ്ക്കണം. പെരിയാറിൽ അനധികൃതമായി നടക്കുന്ന മണൽവാരൽമൂലം റവന്യൂ വരുമാനം സംസ്ഥാനത്തിന് നഷ്ടമാകുമെന്നതിനാൽ അത് തടയുന്നതിനുള്ള നടപടി

സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യേയും എക്സൈസ് വകുപ്പിനേയും പറ്റി ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതാപരമല്ല. ഇടുക്കിയിലെ തങ്കമണിയിൽ റെയ്ഞ്ച് ഓഫീസ് ആരംഭിച്ചു എന്നുപറഞ്ഞത് ശരിയല്ല. പദ്ധതികൾ പ്രഖ്യാപിക്കുകയും അവയ്ക്ക് ആവശ്യമായ തുക നീക്കിവയ്ക്കാതിരിക്കുകയും ചെയ്യുന്ന ഒരു ഗവണ്മെന്റാണിത്.

<u>ശ്രീ. എ.സി. മൊയ്തീൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ ധനകാര്യസ്ഥിതി സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരുന്ന ഈ ബഡ്ജറ്റിനെ എല്ലാവരും അംഗീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ച നിലപാടുകളുടെ ഭാഗമായി റവന്യൂ കമ്മിയും ധനക്കമ്മിയും വർദ്ധിക്കുകയാണ് ചെയ്തത്. കഴിഞ്ഞ ഗവണ്മെന്റ് അവതരിപ്പിച്ച ബഡ്ജറ്റുകൾ നോക്കുകയാണെങ്കിൽ നാടിന്റെ വികസന പ്രവർത്തനങ്ങളാകെ മുരടിപ്പിക്കുന്ന നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത് എന്നുകാണാം. സാമ്പത്തിക പ്രതിസന്ധിയുടെ പേരുപറഞ്ഞ് നിയമനനിരോധനം നടപ്പാക്കുകയും വികസനപ്രവർത്തനങ്ങൾ മുരടിപ്പിക്കുകയും. എല്ലാ പെൻഷനുകളും ക്ഷേമപദ്ധതികളും മരവിപ്പിക്കുകയും ആണ് കഴിഞ്ഞ ഗവണ്മെന്റ് ചെയ്തത്. എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ നയം അതല്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് വരുത്തിയിട്ടുള്ള കുടിശ്ശികകൾ ഈ ഗവണ്മെന്റാണ് കൊടുത്തത്. പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ പ്രഖ്യാപനം മാത്രം നടത്തിപ്പോയ ഒരു ഗവണ്മെന്റാണ് യു.ഡി.എഫ്. ഗവണ്മെന്റ്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കൽ വരെ നടത്തിയിരുന്നു. ശംപളപരിഷ്കരണം നടപ്പാക്കേണ്ടിവരും എന്ന് ബോധ്യപ്പെട്ടിട്ടും അതിനാവശ്യമായ സംഖ്യ നീക്കിവയ്ക്കാതെയാണ് യു.ഡി.എഫ്. ഗവണ്മെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചത്.

തെരഞ്ഞെടുപ്പിന്റെ ഭാഗമായി, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായി യു.ഡി.എഫ്.ഗവണ്മെന്റ് പ്രഖ്യാപിച്ച 3 രൂപയുടെ അരി കൊടുക്കാനുള്ള നിലപാടെടുത്തത് എൽ.ഡി.എഫ്. ഗവണ്മെന്റാണ്. കേരളത്തിലെ സാമ്പത്തികസ്ഥിതി സാധാരണ നിലയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ ഗവണ്മെന്റ് നടത്തുന്നത്. ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ് കാർഷികമേഖലയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നിലപാടുകൾ സ്വീകരിച്ചത്. 30,000 കോടി രൂപയുടെ പാക്കേജ് സംസ്ഥാന ഗവണ്മെന്റിന്റേതാണെന്ന് എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞിട്ടില്ല. ധനകാര്യസ്ഥാപനങ്ങളുടെ സംഖ്യയും തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പയും ഉൾപ്പെടെ കേരളത്തിന്റെ കാർഷിക വികസനത്തിനും കാർഷിക പുരോഗതിക്കും വേണ്ടി ഏകദേശം 30,000 കോടിരൂപയുടെ നിക്ഷേപം ഉണ്ടെന്നാണ് പറഞ്ഞിട്ടുള്ളത് പ്രതിപക്ഷം നിരാഹാര സമരം വരെ നടത്തിയതിനുശേഷമാണ് നെല്ല് സംഭരിക്കാനുള്ള നടപടി കഴിഞ്ഞ ഗവണ്മെന്റ് സ്വീകരിച്ചത്. ഈ ഗവണ്മെന്റ് കേരളത്തിലെ കാർഷികമേഖലയുടെ വികസനത്തിനായി ആയിരം കോടി രൂപ നീക്കിവച്ചിരിക്കുന്നു. പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി കഴിഞ്ഞ ഒരുകാലത്തും ഇല്ലാത്ത രീതിയിൽ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിന്റെ സംരക്ഷണത്തിനുവേണ്ടി 41 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മൽസ്യമേഖലയിലെ പുരോഗതിയ്ക്കു വേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രകടനപത്രികയിൽ ഒരു വിഷൻ അവതരിപ്പിച്ചിട്ടുണ്ട്. തീരദേശമേഖലയിലെ സുനാമിബാധിതർക്കുവേണ്ടി തദ്ദേശസ്ഥാപനങ്ങളിൽ

നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ഫണ്ടുൾപ്പെടെ ഉപയോഗിച്ച് ഒരു പാക്കേജ് പ്രഖ്യാപിക്കും എന്നുപറഞ്ഞിട്ടുണ്ട്. ആ പാക്കേജിന്റെ ഭാഗമായി കടലോരമേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കും. കഴിഞ്ഞ ഗവണ്മെന്റ് സുനാമി ഫണ്ട് വകമാറ്റി ചെലവഴിക്കുകയാണ് ചെയ്തത്. മൽസ്യത്തൊഴിലാളികൾക്കുള്ള കുടിശ്ശിക പെൻഷൻ തുക കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിച്ചു. യു.ഡി.എഫിന്റെ കാലത്ത് വ്യവസായസ്ഥാപനങ്ങളെ വിൽക്കാനുള്ള നിലപാടാണ് എടുത്തത്. ഈ ഗവണ്മെന്റ് 22 വ്യവസായസ്ഥാപനങ്ങളെ ലാഭത്തിലാക്കിയതുവഴി പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചു. 300 കോടി രൂപയുടെ പുതിയ നിക്ഷേപം കേരളത്തിൽ ഉണ്ടാക്കുന്നു. ഐ.ടി. മേഖലയിൽ 100 കോടി രൂപയുടെ നിക്ഷേപമാണ്. ആ മേഖലയുടെ വികസനത്തിനുവേണ്ടി 40 കോടിയിൽപ്പരം രൂപ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഇനിയും കൂടുതൽ സംഖ്യ നീക്കിവയ്ക്കുമെന്ന് പറയുന്നു. അതുവഴി ധാരാളം ആളുകൾക്ക് തൊഴിൽ ലഭ്യമാകും. യു.ഡി.എഫ്-ന്റെ കാലത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചില്ല. ഈ ഗവണ്മെന്റ് ടൂറിസം രംഗത്തും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു. ഐ.ടി രംഗത്തുമാത്രം ഒരു ലക്ഷം തൊഴിലവസരങ്ങൾ ഉണ്ടാക്കി.

**1.30-2.00എസ്.എ/എ.വി.**

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞവർഷം അവതരിപ്പിച്ച ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ഒരു കാര്യവും നടപ്പിലാക്കാത്തതു കൊണ്ടാണ് ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. കഴിഞ്ഞ വർഷത്തെ

ബഡ്ജറ്റിൽ കർഷക കടാശ്വാസ കമ്മീഷനു വേണ്ടി 100 കോടി രൂപ നീക്കി വച്ചിട്ട് ഒരു പൈസപോലും ചെലവഴിച്ചിട്ടില്ലെന്നു മാത്രമല്ല ഇപ്പോൾ അത് പദ്ധതിയേതര ഇനമായി വീണ്ടും വകയിരുത്തിയിരിക്കുകയാണ്. വിവിധ സർക്കാർ വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയുടെ പരിപാടികൾ സംയോജിപ്പിച്ചുകൊണ്ട് മൂവായിരം കോടി രൂപയുടെ സമഗ്ര തീരദേശ വികസന പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞതല്ലാതെ ഒരു പൈസയും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷവും അതേ പ്രഖ്യാപനം ആവർത്തിച്ചിരിക്കുന്നു. 50 ലക്ഷം രൂപ പ്ളാനിംഗ് ബോർഡിന് സമഗ്രപരി പാടി തയ്യാറാക്കുന്നതിന് നൽകുമെന്ന് പറഞ്ഞത് നൽകിയോ എന്ന് വ്യക്ത മാക്കണം. കേന്ദ്രത്തിന്റെ ക്ളിയറൻസ് കിട്ടിയിട്ടും കണ്ണൂർ വിമാനത്താവള ത്തിന് ഒരു സെന്റ് സ്ഥലമെടുക്കുകയോ ഈ വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക വകകൊള്ളിക്കുകയോ ചെയ്തിട്ടില്ല. തലസ്ഥാന നഗരവി കസന പ്രോജക്ട് നടപ്പിലാക്കുമെന്ന പ്രഖ്യാപനം ഇതുവരേയും പ്രാവർത്തി കമായിട്ടില്ല. കൊച്ചി നഗരവികസനത്തിന് സമഗ്രമായ പഠനം നടത്തുമെന്ന് പറഞ്ഞതല്ലാതെ പഠനം നടത്തിയില്ല. ധനകാര്യവകുപ്പ് ഗ്രോത്ത് റേറ്റിന് പ്രാധാന്യം കൊടുക്കുന്നുവെങ്കിലും പ്ളാനിംഗ് ബോർഡ് അത് അംഗീകരി ക്കുന്നില്ല. ഗവണ്മെന്റിന്റെ പുതിയ വികസന തന്ത്രം നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നത് തുരുമ്പെടുത്ത ഭരണ യന്ത്രവും ധനകാര്യ പ്രതിസന്ധിയുമാണെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ധനകാര്യ പ്രതിസന്ധി മറികടക്കാനുള്ള എളുപ്പമാർഗ്ഗമായി കണ്ടിരിക്കുന്നത് പദ്ധതി വിഹിതം വെട്ടിച്ചുരുക്കലാണോ എന്ന് വ്യക്തമാക്കണം. പദ്ധതിച്ചെലവുകൾ ഗണ്യമായി കുറഞ്ഞിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീക്കി

വച്ചതിൽ 2007 ജനുവരി 31 വരെ 31.7 ശതമാനം ചെലവാക്കി. ഓട്ടോമാറ്റി ക്കായിട്ടുള്ള പ്ളാൻ കട്ട് വരികയാണ്. അടുത്ത വർഷത്തെ പ്ളാനിൽ ഈ വർഷത്തെ പ്ളാൻ എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ വച്ചിരിക്കുന്നത് വെറും നാലു ശതമാനം മാത്രമാണ്. നാണയപ്പെരുപ്പത്തിന്റെ നിരക്ക് കണക്കിലെടു ക്കുമ്പോൾ ഈ 4 ശതമാനം ഒന്നുമല്ല. ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ട കാർഷികമേഖലയ്ക്ക് കേന്ദ്ര ഗവണ്മെന്റിന്റേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സഹായമായ ആയിരം കോടിരൂപയാണ് നീക്കിവച്ചിരിക്കുന്നത്. കൃഷിക്കുവേണ്ടി സംസ്ഥാന പദ്ധതിയിൽ സംസ്ഥാന ത്തിന്റെ വിഹിതമായ എത്ര തുക നീക്കിവച്ചു എന്ന് വ്യക്തമാക്കണം. കാർഷിക മേഖലയിൽ നടപ്പ് സാമ്പത്തിക വർഷത്തെ പ്ളാനിനേക്കാൾ കുറച്ച് തുക വകയിരുത്തിയിരിക്കുന്നത് മറച്ചുവയ്ക്കാനാണ് ആയിരം കോടി രൂപയുടെ കണക്ക് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ബഡ്ജറ്റ് പൂർണ്ണ മാണെന്നു പറയുന്നില്ലെങ്കിലും തൊഴിലുറപ്പു പദ്ധതിക്കു വേണ്ടിയും പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും ആവശ്യമായ തുക വകകൊള്ളിക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രാധാന്യം കൊടുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള സത്യം സംസ്ഥാന ഗവണ്മെന്റ് വിസ്മരിക്കരുത്. അഖിലേന്ത്യാതലത്തിൽ സ്കീം കൊണ്ടുവരുമ്പോൾ കേരളത്തിനും അതിന്റെ വിഹിതം കിട്ടേണ്ടതാണ് എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. വളരെയധികം പരിശ്രമിച്ചശേഷം മൂന്നുജില്ല കൾക്ക് ലഭിച്ച കേന്ദ്ര കാർഷിക പാക്കേജിൽ സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതം ഇല്ലാത്തതുകൊണ്ട് അതിന്റെ പ്രയോജനം കേരളത്തിലെ കൃഷി ക്കാർക്ക് ലഭിച്ചിട്ടില്ല. 90 ശതമാനം കേന്ദ്രവിഹിതവും 10 ശതമാനം

സംസ്ഥാന വിഹിതവുമുള്ള എംപ്ളോയ്മെന്റ് ഗ്യാരന്റി ആക്ട് അനുസരിച്ച് 33.14 കോടി രൂപ അനുവദിച്ചതിൽ 50 ശതമാനത്തിനു താഴെമാത്രമേ കേരളത്തിന് ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. വിവിധ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന തുക ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അതിന്റെ ഫലമായി കേരളത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണത്തെ എതിർക്കുന്ന നയമാണ് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. യാഥാർത്ഥ്യത്തിൽനിന്നും ഒളിച്ചോടാതെ ജനങ്ങൾക്ക് സമാശ്വാസം നൽകാനും വികസനം നേടുന്നതിനുമാണ് ഗവണ്മെന്റ് ശ്രദ്ധിക്കേണ്ടത്. എ.ഡി.ബി.യുടെ കാര്യത്തിൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടതുപോലെ ആഗോളവൽക്കരണവുമായി ഇപ്പോൾ ഗവണ്മെന്റ് പൊരുത്തപ്പെട്ടിരിക്കുകയാണ്. വാറ്റ് നിയമം വന്നപ്പോൾ പരമ്പരാഗത ചെറുകിട വ്യവസായങ്ങൾക്ക് വലിയ തിരിച്ചടിയാകുമെന്നാണ് ഇടതുപക്ഷ മുന്നണി പറഞ്ഞിരുന്നത്. നിയമന നിരോധനമുണ്ടായിരുന്നിട്ടും യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഒരു ലക്ഷത്തിനാൽപ്പതിനായിരം പേർക്ക് പി.എസ്.സി. വഴി ജോലി കൊടുത്തു. ഈ ഗവണ്മെന്റ് ഈ ഒൻപത് മാസംകൊണ്ട് 13898 പേർക്ക് മാത്രമാണ് പി.എസ്.സി. വഴി ജോലി കൊടുത്തത്. രാഷ്ട്രപതി പ്രഖ്യാപിച്ച വിഷൻ 2010 നടപ്പാക്കുമെന്ന് പറഞ്ഞുവെങ്കിലും അതിന് ബഡ്ജറ്റിൽ തുക വകകൊള്ളിക്കുകയോ അതിനെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിലോ ബഡ്ജറ്റ് പ്രസംഗത്തിലോ പരാമർശിക്കുകയോ ചെയ്തിട്ടില്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഭരണാനുമതി കൊടുത്ത് പ്ളാനിംഗ് കമ്മീഷൻ അംഗീകരിച്ച മീനച്ചൽ നദിതട പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കണം.

**DS/JB/2.00-2.30**

ഈ ബഡ്ജറ്റിൽ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുവേണ്ടി ചെയ്ത കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കുടുംബശ്രീക്ക് യു.ഡി.എഫ്. ഗവൺമെന്റ് 79 കോടി രൂപ വകിയിരുത്തിയിരുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പുതുക്കിയ ബഡ്ജറ്റിൽ 70 കോടി രൂപയായി കുറച്ചുവെന്നുമാത്രമല്ല ഇക്കഴിഞ്ഞ വർഷം ഒരു പൈസപോലും ചെലവഴിച്ചതുമില്ല ഈ വർഷത്തെ ബഡ്ജറ്റിൽ വെറും 26 കോടി രൂപയാക്കിക്കുറച്ചിരിക്കുകയാണ്. ആശ്രയാ പദ്ധതി പ്രകാരം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 581 പഞ്ചായത്തുകളും 16 മുൻസിപ്പാലിറ്റികളും ഏറ്റെടുത്തെങ്കിൽ 250 പഞ്ചായത്തുകളിൽ ഈ വർഷം ലക്ഷ്യമിട്ടിരുന്ന വെറും 17 പഞ്ചായത്തുകളാണ് ഏറ്റെടുത്തത്. കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി തീരുവ കുറച്ചപ്പോൾ പ്രതിപക്ഷനേതാവെന്ന നിലയിൽ ആദ്യംതന്നെ പ്രതികരിക്കുകയും അതിനെതിരെ നിവേദനം കൊടുക്കുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ച് സംയുക്തമായി നിവേദനം നൽകാനും തയ്യാറാണ്. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ഈ ഗവൺമെന്റിന് സ്വീകാര്യമാകാത്തതുകൊണ്ട് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് ടെണ്ടറുകൾ ക്ഷണിച്ച് നടപ്പിലാക്കുന്ന സ്കീം കൊണ്ടുവന്നു. ഗവൺമെന്റ് ആശുപത്രികളിൽനിന്ന് സൗജന്യ ചികിൽസ ലഭിക്കുന്ന ഈ സ്കീം ബി.പി.എൽ. കുടുംബങ്ങൾക്കുവേണ്ടിയാണെങ്കിലും അവർക്ക് അല്ലാതെതന്നെ ഗവൺമെന്റ് ആശുപത്രികളിൽ ചികിൽസ

സൗജന്യമാണ്. ഇവരെക്കൊണ്ട് കൂടിയ പ്രീമിയത്തിന് ഇൻഷ്വറൻസ് പ്രീമിയം എടുപ്പിച്ചിട്ട് ഗവൺമെന്റ് ആശുപത്രികളിൽ ഇപ്പോൾ ലഭിക്കുന്ന ചികിൽസ കൊടുത്തിട്ട് പബ്ളിക് ഇൻഷ്വറൻസ് കമ്പനിക്ക് ബിൽ ചെയ്യുന്ന സംവിധാനമാണ്. അവർക്ക് ഫലത്തിൽ ഇൻഷ്വറൻസ് ആനുകൂല്യം മാത്രമേ കിട്ടൂ. ഈ ഗവൺമെന്റ് പാവപ്പെട്ടവർക്ക് 25 കിലോഗ്രാം അരി സെപ്റ്റംബർ വരെ കൊടുക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ 60 കോടി രൂപ വകയിരുത്തുകയും വീണ്ടും കൊടുക്കുന്നതിന് ആവശ്യമായ തുക വകകൊളളിക്കുമെന്നുപറഞ്ഞിട്ട് ഈ ബഡ്ജറ്റിൽ അതിനെക്കുറിച്ച് യാതൊന്നും പറയുന്നില്ല. അതുപോലെതന്നെ കഴിഞ്ഞ പ്രാവശ്യം വിലക്കയറ്റം തടയുന്നതിന് 30 കോടി രൂപ മാറ്റിവച്ചെങ്കിൽ ഇത്തവണ സിവിൽ സപ്ളൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡ്ഡിനും മാർക്കറ്റ് ഓപ്പറേഷന്റെ ഫലമായുണ്ടാകുന്ന നഷ്ടം നികത്തി കൊടുക്കുമെന്നു മാത്രമാണ് പറയുന്നത്. 4 ശതമാനം നികുതി ഏർപ്പെടുത്തിയതുവഴി ജീവൻ രക്ഷാ മരുന്നിന് മരുന്നുകളുടെ വില വർദ്ധിക്കും. കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പുകൾക്ക് വീണ്ടും നികുതി ഏർപ്പെടുത്തിയിരിക്കുന്നതിന്റെ ഫലമായി ഇവിടുത്തെ ചെറുകിട സോപ്പ് നിർമ്മാണ യൂണിറ്റുകൾ മുഴുവൻ പൂട്ടേണ്ട അവസ്ഥവരുമെന്നു മാത്രമല്ല മൾട്ടി നാഷണൽ കമ്പനികൾക്ക് ഗുണം ലഭിക്കുകയും ചെയ്യും. മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത ഒരു ശതമാനം ടാക്സ് തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയത് വസ്ത്ര വ്യാപാര മേഖലയിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുമെന്നതിനാൽ അത് പിൻവലിക്കണം. സ്റ്റോൺക്രഷറിനുള്ള നികുതി 4 ശതമാനത്തിൽനിന്ന് 12.5

ശതമാനമാക്കിയത് പുന:പരിശോധിക്കണം. സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽഷോപ്പുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി കോമ്പൗണ്ടിംഗ് സിസ്റ്റം കൊണ്ടുവന്ന് യുക്തിസഹമാക്കണം. ഡീസലിനും പെട്രോളിനും വില കുറഞ്ഞ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റ് ചാർജ് കുറയ്ക്കുന്നതിനുപകരം 25 രൂപയിലധികംവരുന്ന ടിക്കറ്റുകൾക്ക് ഒരു രൂപ വീതം സെസ്സ് ഏർപ്പെടുത്തുകവഴി ചാർജ് വർദ്ധിക്കുമെന്നതിനാൽ ജനങ്ങൾ ബസ്സിനെ ആശ്രയിക്കുന്ന അവസ്ഥ ഒഴിവാകും. അതുകൊണ്ട് അതും പുന:പരിശോധിക്കണം. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണിത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): 2007-08–ലെ ബഡ്ജറ്റിനെക്കുറിച്ച് നിയമസഭയ്ക്കകത്തും പുറത്തും നടന്ന ഫലപ്രദവും വിശദവുമായ ചർച്ചകളിലുണ്ടായ വിമർശനങ്ങളെ സ്വാഗതം ചെയ്യുകയാണ്. അത് ബഡ്ജറ്റിലെ നിലപാടുകൾക്ക് കൂടുതൽ തെളിമയും വ്യക്തതയും നൽകുന്നതിന് സഹായിക്കും. ബഡ്ജറ്റിൽ പോരായ്മകളുണ്ടെങ്കിൽ തിരുത്തും. തനിമ നിലനിർത്തി ധൃതഗതിയിൽ കേരളം വളരണമെന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരുന്നതിന് ഗവൺമെന്റിന് പ്രത്യേക കാഴ്ചപ്പാടുണ്ട്. ധനകാര്യ ബഡ്ജറ്റ് കൺസപ്റ്റും പ്രബദ്ധവുമാണെന്ന വിമർശനം ഉൾക്കൊള്ളുന്നു. വളരെ പെട്ടെന്ന് ചെയ്യാൻ കുറച്ചുകാര്യങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയല്ല ചെയ്തത്; മറിച്ച്, സർക്കാർ ചെലവുകളെ ക്രമീകരിച്ചുകൊണ്ടുപോകാനുള്ള കാഴ്ചപ്പാടാണുള്ളത്. വികസനത്തിന് തന്ത്രം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഈ ബഡ്ജറ്റ് പ്രസംഗംതന്നെ ആ ചട്ടക്കൂടിലുള്ളതാണ്. 2010-11–ൽ റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാൻ സാധിക്കും. റവന്യൂ കമ്മി കുറയ്ക്കുന്നത് ജനങ്ങളെ

ബുദ്ധിമുട്ടിച്ചുകൊണ്ടല്ല. റവന്യൂ കമ്മി ഇല്ലാതാക്കാൻ അടുത്തവർഷം പറ്റില്ല അതിന് സാവകാശംവേണം. ഇൻഡ്യയിൽ എല്ലായിടത്തും തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാത്തതുകൊണ്ടും വിലക്കയറ്റം തടയാത്തതുകൊണ്ടും ഒക്കെയാണ് കോൺഗ്രസ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത്. വില തടയുന്നതിന് കേരളം ചെയ്യുന്നതുപോലുള്ള മാർക്കറ്റ് ഇടപെടൽ കേന്ദ്ര ധനകാര്യവകുപ്പിന്റെ അജണ്ടയിലില്ല. 2010-11-ൽ റവന്യൂ കമ്മി ഒരു ശതമാനത്തിന് താഴെയാക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇല്ലാതാകണമെങ്കിൽ 13-ാം ധനകാര്യ കമ്മീഷന്റെ വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചാൽ റവന്യൂ കമ്മി ഇല്ലാതാക്കാൻ സാധിക്കും. ഈ വർഷം റവന്യു കമ്മി സ്വൽപംകൂടിയിരിക്കുകയാണെന്ന സത്യം അംഗീകരിക്കുകയാണ്. തനത് വർഷം കൊടുക്കേണ്ട ചില വിഹിതങ്ങൾ അടുത്ത വർഷമേ കൊടുക്കൂ. പലവർഷത്തെ കുടിശ്ശികകൾ അറിഞ്ഞുകൊണ്ടുതന്നെ അടുത്ത വർഷം തീർക്കും. ഇതിന് ഫ്രെയിം വർക്കുണ്ട്. 13-ാം ധനകാര്യകമ്മീഷനിൽനിന്ന് നീതിപൂർവ്വമായ വിഹിതം സംസ്ഥാന ഗവൺമെന്റിന് അവകാശപ്പെട്ടതാണ്. വിൽപ്പന നികുതി പിരിവിന്റെ വിഹിതം കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കണമെന്ന് ഇൻഡ്യൻ ഭരണഘടനയിൽ പറയുന്നതാണെങ്കിലും കേരളത്തിന് കൃത്യമായി ലഭിക്കുന്നില്ല അതൊരു ഔദാര്യമോ സഹായമോ അല്ല. ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ കുറയുന്നതിന്റെ കാരണം നാം പരിശോധിക്കണം. കഴിഞ്ഞ വർഷം കുറെ കുടിശ്ശിക കൊടുത്തു, ഈ വർഷം കരാറുകാർക്കുള്ള കുടിശ്ശിക ഉൾപ്പെടെ പൂർണ്ണമായിട്ടും കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഫിസ്ക്കൽ അഡ്ജസ്റ്റുമെന്റ് പ്രോഗ്രാമിൽ

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഊന്നൽ കൊടുത്തുകൊണ്ടാണ് അഡ്ജസ്റ്റ്മെന്റ് ഉണ്ടാകുന്നത്. കഴിഞ്ഞ ഒരുവർഷത്തെ അനുഭവം അത് നേടാമെന്ന ആത്മവിശ്വാസമുണ്ടാക്കി. മൂല്യവർദ്ധനവിന്റെമേൽ മാത്രമാണ് നികുതി ഏർപ്പെടുത്തിയത്. നികുതിക്കുമേൽ നികുതി വരില്ല. സെക്കന്റ് സെയിൽ തേർഡ് സെയിലിന്റെ നാലിൽ ഒന്നുപോലും നികുതി ഇല്ല. ഡൊമെസ്റ്റിക് പ്രൊഡക്ഷനെ പ്രോൽസാഹിപ്പിക്കുന്ന നമ്മുടെ കമ്പോളത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ടാക്സ് ഒരു ഇൻസ്ട്രുമെന്റായിട്ട് ഉപയോഗിക്കുന്നതിന് ഇനിമേൽ സാധ്യമല്ല. യഥാർത്ഥത്തിൽ നികുതിപിരിവ് വളരെ താഴെകിടക്കുന്ന സംസ്ഥാനങ്ങളല്ലാം ഇതിന്റെ ഫലമായി ഉയർന്നുവരും. കേരളത്തിൽ അതിനുള്ള ഒരു സാധ്യതയില്ല. അതുകൊണ്ട് പതിൻമടങ്ങ് പരിശോധന നടത്തിയാലേ ഉയർത്താനാകൂ. എത്രനാൾ സസ്റ്റെയിൻ ചെയ്യാൻ സാധിക്കുമെന്ന ധാരണയില്ല. എങ്കിലും സെയിൽസ് ടാക്സും സ്റ്റാമ്പ് ഡ്യൂട്ടിയും എക്സൈസ് വരുമാനവുമെല്ലാം ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്.

S.14-3-07-JS-2.
2.30-3.00

ഹൈടാക്സ് എഫർട്ടുള്ള സംസ്ഥാനമാണെങ്കിലും കഴിഞ്ഞ കുറേ വർഷങ്ങളായി കളക്ഷൻ കുറഞ്ഞ് 5 ശതമാനത്തിലെത്തി നിൽക്കുകയണ്. സ്റ്റാമ്പ് ഡ്യൂട്ടിയിൽ 30 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. . ഈ വർഷം വരുന്ന ചില ക്രമീകരണത്തിന്റെ ഭാഗമായി അടുത്ത വർഷം മുതൽ എക്സൈസ് ഡ്യൂട്ടി കൂടുമെന്ന കാര്യത്തിൽ സംശയമില്ല. കേന്ദ്ര പാക്കേജുൾപ്പെടെ കാർഷികമേഖലയ്ക്കായി 100 കോടി രൂപ മാറ്റി വയ്ക്കുകയും 65 കോടി രൂപ

നബാർഡിൽ നിന്ന് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 56 കോടി രൂപ കർഷക കടാശ്വാസ കമ്മിഷനുവേണ്ടി കൃഷി ഡിപ്പാർട്ട്മെന്റിന് നബാർഡ് കൈമാറുന്നതാണ്. കർഷക കടാശ്വാസ കമ്മിഷൻ രൂപീകപിച്ച് ആദ്യമായി നടപ്പാക്കിയത് കേരളത്തിലാണ്. കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഗവണ്മെന്റിന് ചെയ്യാൻ പറ്റാത്ത കാര്യങ്ങളാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് ചെയ്തതെന്നുള്ള യാഥാർത്ഥ്യം പ്രതിപക്ഷം കാണണം. കേന്ദ്ര ഗവണ്മെന്റ് സ്ക്കീമുണ്ടാക്കി നിബന്ധനകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ധനസഹായം കൊടുക്കുന്നതുവഴി മുന്നോക്ക സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് വേണ്ടത്ര അർഹത കിട്ടാത്ത സ്ഥിതി വരികയാണ്. സംസ്ഥാന വിഹിതം തന്നെ ചെലവാക്കണമെന്ന പഞ്ചായത്തുകളുടേയും ഡിപ്പാർട്ട്മെന്റുകളുടേയും കടുംപിടിത്തത്തിന്റെ ഫലമായി 2001-02- മുതൽ 2006-07 വരെ കിട്ടിയ കേന്ദ്ര സഹായം മുഴുവൻ ചെലവാക്കാതെ ലാപ്സാകുന്ന സ്ഥിതിവിശേഷമാണുള്ളത്. അതിനൊരു മാറ്റം വരുത്തിക്കൊണ്ട് കേന്ദ്രത്തിൽ നിന്ന് പരമാവധി സഹായം വാങ്ങാനുള്ള സംയോജിത സമീപനവുമായി മുന്നോട്ടു പോകേണ്ടതുണ്ട്. കേന്ദ്രധനസഹായം പരമാവധി പ്രയോജനപ്പെടുത്തി 3,000 കോടി രൂപയുടെ തീരദേശ പരിപാടി സംസ്ഥാന സ്ക്കീമുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. . ഈ വർഷം സംസ്ഥാനത്തിന്റെ മൊത്തം ചെലവ് 28,950 കോടി രൂപയും വരുമാനം 21,445 കോടി രൂപയുമാണ്. വരുമാനത്തിനകത്തു നിന്ന് ചെലവാക്കാനുള്ള നടപടികളുമായി പോകേണ്ടതുണ്ട്.

പദ്ധതി വിഹിതമായി 2007-08-ലേയ്ക്ക് 366 കോടി രൂപ ഉൾക്കൊള്ളിച്ചി ട്ടുണ്ട്. 1500 കോടി രൂപയുടെ പൊതു നിക്ഷേപം ലക്ഷ്യമിട്ടിരിക്കുന്നതുവഴി കാർഷികമേഖലയിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടാകുമെന്നുള്ള കാര്യ ത്തിൽ സംശയമില്ല. പദ്ധതി വിഹിതത്തിൽ നിന്ന് 40 ശതമാനം കാർഷിക മേഖലയ്ക്കും ചെറുകിട വ്യവസായങ്ങൾക്കും മാറ്റി വയ്ക്കാനും പഞ്ചായ ത്തുകളുമായി യോജിച്ച് കാർഷികമേഖലയിൽ പദ്ധതികൾ നടപ്പാക്കാ നുമാണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. ഗവണ്മെന്റ് ഗ്യാരന്റിയിൽ ബാങ്ക് വായ്പ ലഭ്യമാക്കി കശുവണ്ടി ഫാക്ടറികൾക്കാവശ്യമായ പ്രവർത്ത നമൂലധനം കൊടുക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഹുണ്ടികക്കാ രിൽ നിന്നും പിരിവെടുത്ത് കടക്കെണിയിലായ മൽസ്യത്തൊഴിലാളികളെ രക്ഷിക്കാനും അവരുടെ കടം എഴുതുത്തള്ളാനുമായി ഒരു കടാശ്വാസ പദ്ധതിക്ക് രൂപം നൽകാൻ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്.. സിവിൽ സപ്ളൈസ് കോർപ്പറേഷന് പുതിയ കടകൾ തുറക്കാനും ധനസഹായം നൽകാനും അവർക്കുണ്ടാകുന്ന നഷ്ടം പരിപൂർണ്ണമായി നികത്താനുമുള്ള നടപടികൾ സ്വീകരിച്ച് വിലക്കയറ്റം നിയന്ത്രിക്കുന്നതാണ് .കൺസ്യൂമർ ഫെഡ്-ന് ആവശ്യമായ തുക നൽകുന്നതാണ്. 6950 കോടി രൂപയുടെ പദ്ധതിയിൽ 5,000 കോടി രൂപ മൊത്തം ജില്ലകൾക്കും 400 കോടി രൂപ ജില്ലാടിസ്ഥാനത്തിലുള്ള സ്ക്കീമുകൾക്കും 28 കോടി രൂപ പഞ്ചായത്തു കൾക്കും കൊടുക്കുന്നതാണ്.

**S-14-3-07-SH-RS-2**
3.30-4.00

കാസർഗോഡ് ജില്ലയ്ക്ക് ഓരോ വർക്കുകൾകൂടി ചെയ്യുന്നതിന് 3 കോടി രൂപ അഡീഷണലായി കൊടുത്തിട്ടുണ്ട്. ജില്ലാതലത്തിൽ 67 കോടി രൂപയാണ് കുടുംബശ്രീയുടെ പേരിൽ ചെലവാക്കാതെ ബാക്കിയുണ്ടായിരുന്നത്. ഈ വർഷം 70 കോടി രൂപ ട്രാൻസ്ഫർ ചെയ്തു. ഇപ്പോൾ 100 കോടി രൂപ ജില്ലാതലത്തിലുണ്ട്. ആശ്രയ പദ്ധതിക്ക് 126 കോടി രൂപ ഈ വർഷത്തെ അലോക്കേഷനോടൊപ്പം അധികമുണ്ട്. 126 കോടി രൂപ ചെലവഴിച്ച് ആശ്രയ പദ്ധതി എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. തുണിത്തരങ്ങൾ ഡിക്ളയേർഡ് ഗുഡ്സിൽ പെടുന്നതിനാൽ സംസ്ഥാനത്തിനകത്ത് നാല് ശതമാനത്തിലധികം നികുതി ചുമത്താൻ പറ്റില്ല. സിഗററ്റിന് ഡിക്ലയേർഡ് ഗുഡ്സിന്റെ പരിധിയിൽ വരാത്തതുകൊണ്ട് പന്ത്രണ്ടര ശതമാനം നികുതിയാണ് ചുമത്തുന്നത്. ഒരു ശതമാനം നികുതി വയ്ക്കുന്നതിനുള്ള അവകാശം എമ്പവേർഡ് കമ്മിറ്റിയിൽ തീരുമാനിച്ചതിനുശേഷമാണ്. ചില അയൽ സംസ്ഥാനങ്ങളും ഈ രീതിയിൽ നികുതി ചുമത്തുന്നുണ്ട്. അടുത്ത വർഷം എല്ലാ സംസ്ഥാനങ്ങളിലും ഈ സമ്പ്രദായം നിലവിൽ വരുന്നതിനാൽ ഭരണപരമായ അപാകതയില്ല. മുക്ത്യാർ കൊടുക്കുമ്പോൾ ഒരു നികുതിയും അതുകഴിഞ്ഞ് രജിസ്റ്റർ ചെയ്യുമ്പോൾ വേറൊരു നികുതിയുമാണ് ഇപ്പോഴുള്ളത്. മുക്ത്യാർ ഉപയോഗിച്ച് ധാരാളം ഭൂമി കൈമാറ്റങ്ങൾ നടക്കുന്നുണ്ട്. അഞ്ചാറ് കൈമാറ്റംകഴിഞ്ഞ് അവസാനം രജിസ്റ്റർ ചെയ്യുന്നതിനുമാത്രമേ സ്റ്റാമ്പ് ഡ്യൂട്ടി

കിട്ടുന്നുള്ളൂ. അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ, സഹോദരൻ, സഹോദരി എന്നീ കുടുംബാംഗങ്ങൾക്ക് മുക്ത്യാർ നൽകുന്നത് ഒഴിവാക്കും. കർണ്ണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ഈ രീതി നിലവിലുണ്ട്. ഡി-മാറ്റ് കൈമാറ്റങ്ങളുടെ മേലുള്ള സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച് ഷെയറുകളുടെ കൈമാറ്റത്തിന്മേൽ നികുതി ചുമത്താൻ പറ്റില്ല. ബ്രോക്കർ നോട്ടുകളുടെ മേലാണ് നികുതി ചുമത്തുന്നത്. അതിനുള്ള അവകാശം സ്റ്റാമ്പ് ഡ്യൂട്ടി ആക്ടിലെ 40-ാം വകുപ്പ് പ്രകാരം ബ്രോക്കർ നോട്ട് അവിടുള്ളതാണ്. ഡി-മാറ്റ് രൂപത്തിലുള്ളതും ഈ വിഭാഗത്തിൽപ്പെടുമെന്ന് ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്. കേരളത്തിൽ ഫ്യൂച്ചർ മാർക്കറ്റിലും ഷെയർ മാർക്കറ്റിലും ബ്രോക്കർമാർ നടത്തുന്ന പിരിവിന് നികുതി ചുമത്താൻ തീരുമാനിച്ചിരിക്കുകയാണ്. 1.50 കോടി രൂപ ഇതിനകം കിട്ടിക്കഴിഞ്ഞു. ഫ്ളാറ്റിനുമേലുള്ള സ്റ്റാമ്പ് ഡ്യൂട്ടി കർണാടകയിലും മഹാരാഷ്ട്രയിലുമുള്ളതാണ്. രണ്ടാം ഘട്ടത്തിൽ നൽകുന്ന ഡ്യൂട്ടിക്ക് ഫ്ളാറ്റിനുമേൽ വരുന്നതിന് set off കൊടുക്കും. വർക്സ് കോൺട്രക്ടിൽ കോമ്പൗണ്ട് ചെയ്യുന്ന പ്രൊവിഷനുണ്ട്. അതിനുപകരം നികുതി അടച്ചാൽ അതും set off ചെയ്യും. കാസ്കേഡിംഗ് ഇംപാക്ടോ ഡ്യൂട്ടിക്കുമേൽ നികുതിയോ ഉണ്ടാകില്ല. ഇത് ഫലപ്രദമായി കർണാടകയിൽ നടപ്പിലാക്കുകയും അവരുടെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗവുമാണ്. വാഹനക്കൈമാറ്റത്തിന്മേലുള്ള സ്റ്റാമ്പ് ഡ്യൂട്ടിയ്ക്ക് ഫോം 29 വച്ചാണ് നികുതി ചുമത്തുന്നത്. അത് വളരെ ചെറിയ തുകയാണ്. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണ്. പലഭാഗത്തുനിന്നും

ധാരാളം നിർദ്ദേശങ്ങൾ വന്നത് കണക്കിലെടുത്തുകൊണ്ട് ചില കാര്യങ്ങൾ പറയുകയാണ്. പുതിയ കാര്യങ്ങളിലേയ്ക്ക് പോകാൻ പറ്റില്ല. വാണിജ്യപരമായി കൂടുതൽ കാര്യങ്ങൾ ചെയ്യും. ഏഴ് കേന്ദ്രങ്ങളിൽക്കൂടി മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കാൻ പോകുകയാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതി കണക്കിലെടുത്തുകൊണ്ട് ധനകാര്യ വർഷത്തിന്റെ അവസാനത്തിൽ ഇത് പൂർണ്ണമായി നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. നാദാപുരം, കിളിമാനൂർ, പൊൻകുന്ന, വണ്ടൂർ, ഒറ്റപ്പാലം, കുന്നംകുളം, പയ്യന്നൂർ എന്നിവിടങ്ങളിലാണ് പുതിയ മിനി സിവിൽ സ്റ്റേഷനുകൾ ആരംഭിക്കുന്നത്. കണ്ണൂർ വിമാനത്താവളത്തിന് ഭൂമി അക്വയർ ചെയ്യാനായി 5 കോടി രൂപയും സീ എക്സ്പോർട്ട് പ്രോസസ്സിംഗ് സോൺ, സെന്റർ ഫോർ എക്സലൻസിൽപ്പെടുത്തി അരൂരിൽ മലിനജല ട്രീറ്റുമെന്റ് പ്ളാന്റ് സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപയും ഹോർട്ടി കോർപ്പറേഷന് 50 ലക്ഷം രൂപയും വിപുലീകരിണത്തിനാവശ്യമായ സ്കീം തയ്യാറാക്കി പണം കണ്ടെത്തുന്നതുമാണ്. പാലക്കാട് പാഡികോയ്ക്ക് 50 ലക്ഷം രൂപയും വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് 10 ലക്ഷം രൂപയും കടുങ്ങല്ലൂരിൽ അക്വാ ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ ഒരു കോടി രൂപയും മറയന്നൂർ ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ 10 ലക്ഷം രൂപയും ഫിഷിംഗ് ഹാർബർ ഡ്രഡ്ജിംഗിന് 50 ലക്ഷം രൂപയും വകയിരുത്തുന്നു. വിഴിഞ്ഞംപോലെയുള്ള ഫിഷിംഗ് ഹാർബറുകൾ പൂർത്തിയാക്കാൻ പണം ലഭ്യമാക്കും. താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും. തൃശൂർ ജനറൽ

ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഒരു കോടി രൂപയും മലപ്പുറം ജില്ലാ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനായി 50 ലക്ഷം രൂപ പ്രത്യേക ധനസഹാം വകയിരുത്തുന്നു. എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ രണ്ട് പോളീടെക്നിക്കുകൾക്ക് പ്രത്യേക ധനസഹായം ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്. അതുപോലുള്ള സാഹചര്യമാണ് കടുത്തുരുത്തി പോളീ ടെക്കിനിക്കിലുള്ളത്. അതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിക്കും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിനും 25 ലക്ഷം രൂപയും എക്സൈസ് അക്കാഡമിക്ക് ഒരു കോടി രൂപയും കുഞ്ഞുണ്ണി മാസ്റ്റർ സ്മാരക ട്രസ്റ്റിനുവേണ്ടി സാംസ്ക്കാരിക വകുപ്പിന് 10 ലക്ഷം രൂപയും ദേവരാജൻ മാസ്റ്റർ സ്മാരകത്തിന് 10 ലക്ഷം രൂപയും എറണാകുളം പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് 10 ലക്ഷം രൂപയും കായിക്കര ആശാൻ സ്മാരകത്തിന് 10 ലക്ഷം രൂപയും മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് 10 ലക്ഷം രൂപയും വയലാർ രാമവർമ്മ സ്മൃതി മണ്ഡപത്തിനും ആർ.ടി.സ്ക്വയറിനുമായി 20 ലക്ഷം രൂപയും അംബേദ്ക്കർ ചുണ്ടൻവള്ളം പുതുക്കിപ്പണിയാൻ 3.5 ലക്ഷം രൂപയും കായംകുളം കൃഷ്ണപുരത്ത് മ്യൂസിയം  കോംപ്ളക്സ് നിർമ്മാണത്തിന് 10 ലക്ഷം രൂപയും അമ്പലപ്പുഴ തുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ പാരമ്പര്യ കലകളുടെ പരിശീലനത്തിനും തകഴി സ്മാരത്തിനുമായ 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2006-07-ലെ ബഡ്ജറ്റിൽ ഹജ്ജ് സെന്റർ

നിർമ്മാണത്തിനായി അനുവദിച്ച 25 ലക്ഷം രൂപ അടിയന്തിരമായി നൽകുകയും അതിനുപുറമേ 2007-08–ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 25 ലക്ഷത്തിനുപുറമേ സംസ്ഥാന ഹജ്ജ് ഹൗസിന്റെ നിർമ്മാണം യുദ്ധകാലായിസ്ഥാനത്തിൽ തീർക്കുന്നതിന് 50 ലക്ഷം രൂപ കൂടി അനുവദിക്കുന്നു. പത്രപ്രവർത്തകർക്കുള്ള ആരോഗ്യ ഇൻഷ്വറൻസിന് 5 ലക്ഷം രൂപകൂടി വകയിരുത്തുന്നു. നാലായിരം കോടി രൂപയേക്കാൾ കൂടുതൽ വരുന്ന നികുതി വരുമാനത്തിന്റെ ഒരു ശതമാനം വ്യാപാരി ക്ഷേമനിധിക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. 2006-07–ൽ 4400 കോടി രൂപയെങ്കിലും വാറ്റിൽനിന്ന് വരുമാനം പ്രതീക്ഷിക്കകയും ആ വരുമാനം വ്യാപാരി ക്ഷേമനിധിയിലേയ്ക്ക് വകയിരുത്തുകയും ചെയ്യുന്നു. വികലാംഗ ധനസഹായം 20 രൂപ വീതം വർദ്ധിപ്പിക്കുന്നു. മലബാർ ടൂറിസം പ്രോജക്ടുകളിൽ മീൻകുന്നം കടൽത്തീരത്തെക്കൂടി ഉൾപ്പെടുത്തുന്നതാണ്. കീഴാൽ ചരിത്ര പഠനത്തിനായി കേരള സർവ്വകലാശാലയ്ക്ക് മഹാത്മാ അയ്യങ്കാളി ശില സ്ഥാപിക്കുന്നതിന് കോർപ്പസ് ഫണ്ടായി 25 ലക്ഷം രൂപ അനുവദിക്കുന്നു. റോഡുകൾക്ക് പണമില്ലെന്ന് എല്ലാ എം.എൽ.എ.മാരും അഭിപ്രായപ്പെട്ടു. പക്ഷേ നമ്മൾ വകകൊള്ളിച്ചതിനെല്ലാം 20 ശതമാനം വരുന്നില്ല, പരിമിതികളുണ്ട്. ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ എല്ലാ മണ്ഡലത്തിലും ഒരു വർക്കെങ്കിലും വരുത്തിക്കൊണ്ട് ടെൻഡറും എ.എസ്സും നൽകുന്നതാണെന്നും ഞാൻ ഉറപ്പ് തരികയാണ്. അതോടൊപ്പം സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മറ്റൊരു വർക്ക്കൂടി ഇതേ രീതിയിൽ ഓരോ

മണ്ഡലത്തിലും റിലീസ് ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുന്നതുമുാണ്. മറ്റ് ചില റോഡുകളുടെ നിർദ്ദേശത്തിൽ, എൻ.എച്ച് 47-നെയും 17-നെയും തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യത്തിൽ, തൃശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡ് എൻ.എച്ച് ആക്കുന്ന പ്രശ്നം വളരെ ഗൗരവമായി എടുക്കുന്നതാണ്. തൃശൂരിലുള്ള മ്യൂസിയം പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. അതിനാവശ്യമായ തുക വകയിരുത്തണം. കോളേജ്-ആശുപത്രി കെട്ടിടങ്ങൾ പണിയാനാണ് പണം വകയിരുത്തിയിട്ടുള്ളത്. തോട്ടം തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് ശക്തമായ ഇടപെടൽ ആവശ്യമാണ്. എങ്ങനെ ഈ പ്രശ്നം പരിഹരിക്കുമെന്ന് തീരുമാനിക്കുന്നതിനുമുമ്പ് കേന്ദ്ര പാക്കേജ്കൂടി ലഭ്യമാക്കേണ്ടതാണ്. അടച്ചുപൂട്ടിയിട്ടിരിക്കുന്ന തോട്ടങ്ങൾ തുറക്കാനും അവ പ്രവർത്തിപ്പിക്കുന്നതി നാവശ്യമായ ധനസഹായം നൽകുകയും ചെയ്യുമെന്ന് ഉറപ്പ് തരികയാണ്. മീനച്ചിൽ നദിയുടെ കാര്യത്തിൽ നിങ്ങൾ ഭരിക്കുമ്പോൾ അന്നത്തെ പ്ളാനിംഗ് ബോർഡ് പാടില്ലെന്ന് പറഞ്ഞ് കർശനമായി വിമർശിച്ചതാണ്. മൂവാറ്റുപുഴയ്ക്കുള്ള വെള്ളം രണ്ടിനുംകൂടി തികയില്ല എന്ന നിലപാടെടുത്തത് ഓവർറൂൾ ചെയ്യാൻ എനിക്ക് കഴിയില്ല. മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് നിലപാടെടുത്തത് കേന്ദ്ര വാട്ടർ കമ്മിഷനും അംഗീകരിച്ചിട്ടില്ല. കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ 2 കോടി രൂപ അഡീഷണൽ എ.സി.എ.യിൽ ടോക്കൺ അഡ്വാൻസായി തന്നതല്ലാതെ ഫീസിബിലിറ്റി സ്റ്റഡി നോക്കിയിട്ട് അംഗീകരിച്ചതല്ല. സാങ്കേതികമായ വിമർശനം നിങ്ങൾ ഭരിക്കുമ്പോഴും ഇപ്പോഴും വിദഗ്ദ്ധൻമാർ ഉന്നയിച്ചിട്ടുണ്ട്. അത് എത്രയും

പെട്ടെന്ന് പരിശോധിച്ച് ജലസേചന വകുപ്പുമന്ത്രി പറഞ്ഞപോലെ തീരുമാനമെടുക്കുകയും ചെയ്യും. അതിന് ധനപരമായ പരിമിതികളോ മുടക്കാൻ പറ്റാത്തതോ അല്ല തടസ്സം. ഒരിടക്കാലമായി മറുപടി കിട്ടിയിട്ടില്ല. മറിച്ച് പൊളിറ്റിക്കൽ തീരുമാനം എടുത്തിരിക്കുകയാണ്. ഇതുവരെയുള്ള ഇറിഗേഷൻ പ്രോജക്ടുകളുടെ അനുഭവം വച്ചുകൊണ്ട് വിവരമുള്ളവരും സാങ്കേതിക വിദഗ്ദ്ധരും കാര്യങ്ങൾ പറയുമ്പോൾ അത് പരിഗണിച്ചിട്ട് തീരുമാനമെടുക്കണം. അതിനുള്ള ഏർപ്പാടുണ്ടാക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അതിനുള്ള നടപടികളുണ്ടാകും. ഒരു കോടി രൂപ ഉപയോഗിച്ചുകൊണ്ട് സൈലന്റ് വാലി ബഫർ സോൺ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കും. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതും മുന്നോട്ട് കൊണ്ടുപോകാൻ പറ്റാത്തതുമായ വേമ്പനാട് ഇക്കോ റെസ്റ്റൊറേഷൻ പ്രോജക്ട് സംബന്ധിച്ച് ഇന്നുതന്നെ ഡോ.എം.എസ്.സ്വാമിനാഥനുമായി വിശദമായി ചർച്ച ചെയ്ത് അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. സാജു പോൾ : പ്ളാൻ പി.ഡി. അക്കൗണ്ടുകൾ ഫ്രീസ് ചെയ്തപ്പോൾ നഷ്ടപ്പെട്ട പഞ്ചായത്തുകളിൽ കൂവപ്പടി ഉൾപ്പെടെ തിരിച്ചുനൽകണം. റൈസ് മില്ലുകൾക്കുള്ള പർച്ചേസ് ടാക്സ്, ഖാദി യൂണിറ്റുകൾക്കുള്ള ടാക്സ്, ബാംബൂ കോർപ്പറേഷന്റെ വിഹിതം കൂട്ടുക എന്നീ കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണം.

ധനകാര്യമന്ത്രി : കാഷ്യൂ റിസർവ്വേഷനെ സംബന്ധിച്ച് ചിലർ പറഞ്ഞു. ഐ.എൻ.ടി.യു.സി.യും ഡി.സി.സി.യും പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ആ നടപടി സ്വീകരിച്ചത്. നാല് ശതമാനം നികുതി ഒഴിവാക്കാനാണ് ഈ പണി ചെയ്തത്. അന്നത്തെ നാല് ശതമാനം നികുതിയും പലിശയും

വാങ്ങി ഒറ്റത്തവണ തീർപ്പാക്കലാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന് പിഴയുണ്ട്, പെനാലിറ്റിയുണ്ട്. നാല് ശതമാനം കൊടുത്തില്ലെങ്കിൽ പന്ത്രണ്ടര ശതമാനമാണ് കൊടുക്കേണ്ടത്. ആർക്കെങ്കിലും ഡിസെന്റുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണ്. കണ്ണൂർ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്. ആൾ കേരള ഡ്രഗ്ഗിസ്റ്റ്സ് ആന്റ് കെമിക്കൽസ് അസോസിയേഷനുമായി രണ്ടാഴ്ചയ്ക്കുമുമ്പ് ചർച്ച നടത്തുകയും അവരോട് എം.ആർ.പി.യിൽനിന്നും വില കുറച്ചുതന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

S-14-03-2007-(2) LR
03.30-03.40

ജീവൻരക്ഷാ മരുന്നുകളിൻമേൽ പിരിക്കുന്ന നികുതി സർക്കാറിലേയ്ക്ക് അടയ്ക്കണമെന്നു മാത്രമേ ആവശ്യപ്പെടുന്നുള്ളൂ. മറ്റ് സംസ്ഥാനങ്ങൾ നികുതി ഈടാക്കുന്നതിനാൽ ജീവൻരക്ഷാ മരുന്നുകളുടെ പരമാവധി വിൽപന നികുതി ഉൾപ്പെടെയാണ് ഉൽപാദകർ നിശ്ചയിച്ചിരിക്കുന്നത്. ചുരുക്കം ചില കമ്പനികൾ കേരള എം.ആർ.പി. പ്രിന്റ് ചെയ്യുന്നുണ്ടെങ്കിലും അത് സാധ്യമല്ലെന്നാണ് ആൾ കേരള ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷന്റെ അഭിപ്രായം.

## ക്രമപ്രശ്നം

ശ്രീ. കെ.എം. മാണി: ബഡ്ജറ്റ് ചർച്ചയിൻമേലുള്ള മറുപടി പ്രസംഗം ഉപസംഹരിക്കുന്ന സമയത്ത് സാധാരണഗതിയിൽ ധനകാര്യവകുപ്പുമന്ത്രി പുതുതായിട്ടുള്ള സ്കീംസ് അനൗൺസ് ചെയ്ത ശേഷം വരവും ചെലവും

കമ്മിയുമടങ്ങിയ ഫൈനൽ ഔട്ട്കം സഭയെ ബോധ്യപ്പെടുത്തും. ദയവായി അതിനെക്കുറിച്ച് പറയണം.

ശ്രീ. കെ.സി. ജോസഫ്: പുതുതായി പ്രഖ്യാപിച്ച സ്കീമുകളുൾപ്പെടുത്തിയ ബഡ്ജറ്റിന്റെ ഫൈനൽ പൊസിഷൻ വ്യക്തമാക്കണം.

ധനകാര്യവകുപ്പുമന്ത്രി (ഡോ..തോമസ് ഐസക്ക്): രണ്ടാമതൊന്നു കൂടി കൂട്ടി നോക്കിയതിനുശേഷം ഫൈനൽ ബഡ്ജറ്റ് പാസ്സാക്കുന്ന സമയത്ത് റിവൈസ്ഡ് ടൈ–അപ് നൽകാം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): മൂന്നു ദിവസത്തെ ചർച്ചയ്ക്കുശേഷമുള്ള മറുപടി പ്രസംഗത്തിൽ ബഡ്ജറ്റ് പൊസിഷൻ അറിയാനുള്ള ഈ സഭയുടെയും ജനങ്ങളുടെയും അവകാശങ്ങളെ ഹനിക്കുന്ന രീതിയിൽ വളരെ ലാഘവബുദ്ധിയോടുകൂടിയ മറുപടിയാണ് ധനകാര്യവകുപ്പുമന്ത്രി നൽകിയത്. ഇത് ഈ സഭയോട് കാണിക്കുന്ന അനാദരവും കീഴ്വഴക്കങ്ങളുടെ ലംഘനവുമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. കെ.എം. മാണിയുടെയും അത്ര നിയമസഭാ പരിചയമില്ലെങ്കിലും അഞ്ച് ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ഞാനും കണ്ടതാണ്. അന്നൊന്നും ഈ കണക്കുകൾ ആരും അവതരിപ്പിച്ചുകണ്ടില്ല. ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗം അവസാനിപ്പിക്കുമ്പോൾ തന്നെ ഫൈനൽ പൊസിഷൻ അറിയിക്കണമെന്ന കീഴ്വഴക്കമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ.ഉമ്മൻ ചാണ്ടി): സഭയുടെ കീഴ്വഴക്കങ്ങൾ ലംഘിക്കുന്ന വിധത്തിലുള്ള ധനകാര്യവകുപ്പുമന്ത്രിയുടെ സമീപനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(കീഴ്വഴക്കം ലംഘിച്ച് പ്രസംഗം ഉപസംഹരിക്കുമ്പോൾ പ്രഖ്യാപിച്ച പുതിയ സ്ക്കീമുകൾ ഉൾപ്പെട്ട ബഡ്ജറ്റിന്റെ ഫൈനൽ പൊസിഷൻ സഭയിൽ പ്രഖ്യാപിക്കാത്ത ധനകാര്യവകുപ്പുമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തു പോയി.)

**പ്രമേയം**

<u>നിയമസഭാ നടപടി ചട്ടം ഭാഗികമായി സസ്പെന്റ് ചെയ്യണമെന്നത് സംബന്ധിച്ച്</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> 2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേൽ സബ്ജക്റ്റ് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ. ബാലൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 3.40-ന് പിരിഞ്ഞു.

* * * * * * * *